# നേർപഥം

വാരിക

VOL NO: 05 I ISSUE 22
www.nerpatham.com
mail@nerpatham.com
2021 MAY 29 I ₹12

ലക്ഷ്യം

# ലക്ഷദ്വീപിലെ കാവിവൽക്കരണം: രാഷ്ട്രീയവും ദർശനവും

അറബിക്കടലിന്റെ മരതകമാണ് ലക്ഷദ്വീപ്. ഗോത്രവർഗ ജീവിതരീതിയോട് അടുത്തുനിൽക്കുന്ന നന്മയുടെ തുരുത്തായ ദ്വീപ് സമൂഹത്തെ കാവിവൽക്കരിക്കാനുള്ള വിലകുറഞ്ഞ ശ്രമങ്ങളാണ് അഡ്മിനിസ്ട്രേഷനും അവരുടെ സിൽബന്ധികളും ചെയ്തുകൊണ്ടിരിക്കുന്നത്. സംസ്കാരം കരുപ്പിടിപ്പിക്കേണ്ടത് കൊള്ളക്കൊടുക്കലിലൂടെയാണ് കൊള്ളയടിയിലൂടെയല്ല എന്ന് ആരാണ് ഇവരെ ബോധ്യപ്പെടുത്തുക!

- **മസ്ജിദുൽ അക്വ്സ: ചരിത്രവും വർത്തമാനവും**

- **പ്രവാചകനും സ്വപ്നദർശനവും**
- **ഇസ്‌ലാം ആയുധത്തിന്റെ മതമോ?**
- **ജൂതന്മാർ: ക്വുർആൻ നൽകുന്ന ചരിത്രപാഠങ്ങൾ**

جامعة الهند الإسلامية

JAMIA AL-HIND AL-ISLAMIYYA

VISION 2030

# 2021–2022 അദ്ധ്യയന വർഷത്തെ

# വിവിധ കോഴ്സുകളിലേക്കുള്ള

# രജിസ്ട്രേഷൻ തുടരുന്നു

## മഅ്ഹദുല്ലുഗഃ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക് യൂണിവേസിറ്റിയുടെ മഅ്ഹദുല്ലുഗഃ സിലബസിനോടൊപ്പം +2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്. **സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം**

വിശദ വിവരങ്ങൾക്ക്: 8606366661, 9746639139

## കുല്ലിയ്യത്തുദ്ദഅ്‌വ / കുല്ലിയ്യത്തുൽ ഹദീസ് / ഫിഖ്ഹ്

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അഖീദഃ, ഫിഖ്ഹ് എന്നീ മേഖലകളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്. **സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം**

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

## തഖസ്സുസ്

ശരീഅഃ കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പെന്റോടു കൂടിയുള്ള രണ്ട് വർഷ റിസർച്ച് കോഴ്സ്, കൂടെ MA ചെയ്യാനും അവസരം.
**സെലക്ഷൻ ക്യാമ്പ്: ജൂൺ ആദ്യവാരം**

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

Scan for Registration:

REGISTER http://jamiaalhind.com/admission

0228
**നേർപഥം**
വാരിക

2021 മെയ് 29
1442 ശവ്വാൽ 17
പുസ്തകം 05 / ലക്കം 22



**ലക്ഷദ്വീപിലെ കാവിവൽക്കരണം രാഷ്ട്രീയവും ദർശനവും**
സജ്ജാദ് ബിൻ അബ്ദുറസാക്വ്
10

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




**05**
**മുഖമൊഴി**
ഇസ്‌ലാം ആയുധത്തിന്റെ മതമോ?
എഡിറ്റർ

**06**
**ലേഖനം**
നല്ല മരണത്തിന്റെ ലക്ഷണങ്ങൾ
ദുൽക്കർഷാൻ അലനല്ലൂർ

**16**
**ചരിത്രപഥം**
പ്രവാചകനും സ്വപ്നദർശനവും
ഹുസൈൻ സലഫി, ഷാർജ

**18**
**ലേഖനം**
മസ്ജിദുൽ അക്വ്സ: ചരിത്രവും വർത്തമാനവും
റശീദ് കുട്ടമ്പൂർ

**24**
**ലേഖനം**
വിശുദ്ധ ക്വുർആൻ: അടുത്തറിയേണ്ട ഗ്രന്ഥം
അൻവർ അബൂബക്കർ

**26**
**ലേഖനം**
ജൂതന്മാർ: ക്വുർആൻ നൽകുന്ന ചരിത്രപാഠങ്ങൾ
സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി

**29**
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

**34**
**കവിത**
ആ പുലരിയെത്തിടും
സാദിഖ് ഇബ്നു സലീം, എടത്തനാട്ടുകര

ചലനങ്ങൾ

# കോവിഡ് 19: ഹോമിയോ സാധ്യതാ വിവരങ്ങളൊരുക്കി വിസ്ഡം യൂത്ത്

മലപ്പുറം: കോവിഡ് 19ന്റെ അതിവ്യാപനം ഉണ്ടാക്കിയ ആശങ്കകൾക്കും ആകുലതകൾക്കും അറുതി വരുത്താൻ വിസ്ഡം യൂത്ത് സംസ്ഥാന സമിതി പ്രഖ്യാപിച്ച പ്രതിരോധ പ്രവർത്തന പദ്ധതികളുടെ ഭാഗമായി ഹോമിയോപതി ചികിത്സയിലെ സാധ്യതകളെ കുറിച്ചറിയാൻ നടത്തിയ 'ഡോക്ടറോട് ചോദിക്കാം' പരിപാടി ശ്രദ്ധേയമായി. ചോദ്യങ്ങൾക്ക് വിദഗ്ധരായ ഡോക്ടർമാരുടെ പാനൽ മറുപടി പറഞ്ഞു. മഹാമാരിയുടെ വ്യാപനത്തിനെതിരായി ഹോമിയോപതി നിർദേശിക്കുന്ന പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സകളും വളരെ ലളിതമായി അവതരിപ്പിച്ചു. രോഗവ്യാപനം വർധിക്കുകയും മരണസംഖ്യ ഉയരുകയും പോസ്റ്റ് കോവിഡ് പ്രയാസങ്ങൾ രൂക്ഷമാവുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ ലഭ്യമായ എല്ലാ വഴികളും പരമാവധി പ്രയോജനപ്പെടുത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുകയെന്നത് നമ്മുടെ ബാധ്യതയാണ്.

ഈ ബാധ്യതാ നിർവഹണത്തിന്റെ ഭാഗമായി 'ഡോക്ടർ ലൈവ് 2.0' എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയിൽ ഹോമിയോപതി വിഭാഗത്തിലെ റിട്ടയേർഡ് മെഡിക്കൽ ഓഫീസർ ഡോ. പി. എസ് കേദർനാഥ്, ഐഎച്ച്കെ സംസ്ഥാന കൗൺസിൽ മെമ്പർ ഡോ.എം മുഹമ്മദ് അസ്ലം, ഐഎച്ച്എംഎ സംസ്ഥാന സെക്രട്ടറി ഡോ.അൻവർ റഹ്മാൻ ടി.കെ, ഫോറം ജില്ലാ പഞ്ചായത്ത് ഹെൽത്ത് കമ്മിറ്റി മെമ്പർ (ആയുഷ് മലപ്പുറം) ഡോ.മുഹമ്മദ് ജസീൽ ഇ, സിറ്റിസർലൻറ് ക്ലിനിക് സാൻറാ കോർ ഓർസലിനയിലെ ഡോ.പോൾ മുട്ടത്തുകുന്നേൽ, യു.എ.ഇ അൽഐനിലെ മോഡേൺ സെന്ററിലെ ഡോ.അബ്ദുൽ റഷീദ് പി.വി തുടങ്ങിയവർ ചോദ്യങ്ങൾക്ക് ഉത്തരം നൽകി. വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി ജംഷീർ സ്വലാഹി അഭിസംബോധന ചെയ്തു.

## ന്യൂനപക്ഷ പദ്ധതികളിലെ അനുപാതം റദ്ദാക്കിയ വിധിക്കെതിരെ സർക്കാർ അപ്പീൽ പോകണം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: സച്ചാർ കമ്മീഷൻ കണ്ടെത്തലുകളെ തുടർന്ന് മുസ്‌ലിം ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി പാലോളി കമ്മീഷൻ മുന്നോട്ടുവെച്ച ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനായി 2015ലെ യു.ഡി.എഫ് സർക്കാർ കൊണ്ടുവന്ന അനുപാതം റദ്ദ് ചെയ്ത ഹൈക്കോടതി വിധിക്കെതിരെ കേരള സർക്കാർ അപ്പീൽ പോകണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി കേന്ദ്രതലത്തിൽതന്നെ ജനസംഖ്യാനുപാതികമായി ക്ഷേമപദ്ധതികൾ ഉണ്ടായിരിക്കെ ഈ സ്പെഷ്യൽ പാക്കേജിനെ സംബന്ധിച്ച് പൊതുസമൂഹത്തിൽ തെറ്റിദ്ധാരണ ഉണ്ടാക്കാൻ ശ്രമിച്ചവർ വലിയ അനീതിയാണ് പ്രവർത്തിച്ചത്. കേരളത്തിലെ മുസ്‌ലിം പിന്നാക്കാവസ്ഥ സംബന്ധിച്ചും ഭരണഘടനാനുസൃതമായി വിവിധ ക്ഷേമപദ്ധതികൾ വഴി നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും സർക്കാർ ധവളപത്രം പുറത്തിറക്കി ആക്ഷേപങ്ങൾക്ക് അറുതി വരുത്തണം. രാജ്യത്തെ ന്യുനപക്ഷ വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി വ്യത്യസ്ത ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതികളെ സാമുദായിക ഐക്യം തകർക്കുന്നതിനായി ഉപയോഗിക്കുന്നവരെ കരുതിയിരിക്കണമെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്തീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് എന്നിവർ ആവശ്യപ്പെട്ടു.

## ലക്ഷദ്വീപ്: സംഘപരിവാര അജണ്ടകളെ കരുതിയിരിക്കുക: വിസ്ഡം യൂത്ത്

മലപ്പുറം: ല ക്ഷദ്വീപിനെ മറ്റൊരു കാശ്മീരാക്കാനുള്ള സംഘപരിവാര അജണ്ടകൾ നടപ്പിലാക്കുന്ന അഡ്മിനിസ്ട്രേറ്റർ പ്രഫുൽ ഖോഡ പട്ടേലിന്റ കിരാതഭരണത്തിനെതിരെയും ജനാധിപത്യാവകാശ ധ്വംസനത്തിനെതിരെയും ജനമനഃസാക്ഷിയുണരണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

മുഖമൊഴി

# ഇസ്‌ലാം ആയുധത്തിന്റെ മതമോ?

ഇസ്‌ലാം ലോകത്ത് ശാന്തിയും സമാധാനവും സ്വസ്ഥമായ ജീവിതവും വിഭാവനം ചെയ്യുന്ന മതമാണ്. അതിൽ അക്രമത്തിനും വർഗീയതക്കും ലവലേശം സ്ഥാനമില്ല. ആരാധനാലയങ്ങളെ ആയുധപ്പുരകളാക്കുവാനും ഗൂഢാലോചനാകേന്ദ്രങ്ങളാക്കുവാനും ഇസ്‌ലാം നിർദേശിക്കുന്നില്ല; അങ്ങനെ ചെയ്യുന്നവർ വാസ്തവത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കളാണ്. രൂക്ഷമായ യുദ്ധവേളയിൽപോലും സ്ത്രീകളെയും കുട്ടികളെയും വയോവൃദ്ധരെയും അക്രമിക്കുന്നത് ഇസ്‌ലാം വിരോധിക്കുന്നുവെന്നിരിക്കെ, ചാവേറുകളായും മിന്നലാക്രമണമായും സാധാരണക്കാരായ ആബാലവൃദ്ധം ജനങ്ങളെ കൊല്ലുവാൻ എങ്ങനെ മുസ്‌ലിംകൾക്കു കഴിയും?

ഏതെങ്കിലും അവിവേകികൾ ചെയ്യുന്ന അക്രമങ്ങളെ ഇസ്‌ലാമിന്റെ തലയിൽ കെട്ടിവെക്കാനുള്ള വ്യഗ്രത കാണിക്കുന്നവർ ഇസ്‌ലാമിനെക്കുറിച്ച് അജ്ഞരോ അജ്ഞത നടിക്കുന്നവരോ ആണെന്ന കാര്യത്തിൽ സംശയമില്ല. സാമൂഹ്യമാധ്യമങ്ങളിലൂടെ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരിൽ ഭീകരതയുടെ ചാപ്പകുത്തി കടുത്ത വർഗീയവിഷം പുറംതള്ളുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടേയിരിക്കുന്നു എന്നത് നമ്മുടെ നാടിനെ ബാധിച്ചുകൊണ്ടിരിക്കുന്ന വലിയ ദുര്യോഗമാണ്.

കത്തിപോലുള്ള ആയുധങ്ങൾ ചങ്ങാതിക്കുനേരെ ചൂണ്ടി പലരും തമാശകാണിക്കാറുണ്ട്. അങ്ങനെയുള്ള തമാശപോലും കാണിക്കാൻ പാടില്ലെന്ന് പഠിപ്പിക്കുന്ന മതമാണ് ഇസ്‌ലാം! അപ്രതീക്ഷിതമായി ആ ആയുധംകൊണ്ട് അപകടമുണ്ടായേക്കാമല്ലോ!

അബൂഹുറയ്റ ؓ നിവേദനം. നബി ﷺ പറഞ്ഞു: "നിങ്ങളിൽ ആരുംതന്നെ തന്റെ സഹോദരന്റെ നേരെ ആയുധം ചൂണ്ടരുത്. നിശ്ചയമായും അവൻ അറിയാതെ പിശാച് അത് തെറ്റിക്കാൻ സാധ്യതയുണ്ട്. അങ്ങനെ അവൻ നരകക്കുഴിയിൽ ആപതിക്കും'' (ബുഖാരി, മുസ്‌ലിം).

"ആരെങ്കിലും ഇരുമ്പ് (ആയുധം) തന്റെ സഹോദരനുനേരെ ചൂണ്ടിക്കാണിച്ചാൽ അവനത് ഉപേക്ഷിക്കുംവരെ മലക്കുകൾ അവനെ ശപിക്കും; അവൻ സ്വന്തം സഹോദരനാണെങ്കിലും'' (മുസ്‌ലിം).

തമാശകാണിക്കുമ്പോൾ പോലും സംഭവിച്ചേക്കാവുന്ന അപകടങ്ങളെപ്പറ്റി മുന്നറിയിപ്പ് നൽകുകയും അതിന്റെ പേരിൽ നിരപരാധിക്ക് അപകടമുണ്ടായാൽ അതിന് ഉത്തരവാദിയായ വ്യക്തി നരകത്തിൽ ചെന്നെത്താൻ പോലും സാധ്യതയുണ്ടെന്ന് പഠിപ്പിക്കുകയും ചെയ്ത പ്രവാചകന്റെ അനുയായികൾക്കെങ്ങനെ നിരപരാധികളെ കൊന്നൊടുക്കാനാവും? അരിഞ്ഞു വീഴ്ത്തപ്പെടുന്ന തലകളുടെ മതവും വർണവും നോക്കി എണ്ണമെടുത്ത് ലാഭം കൊയ്യാൻ കാത്തിരിക്കുന്ന ചോരക്കൊതിയൻമാരുടെ കയ്യിലെ കളിപ്പാവകളായിമാറുവാൻ വിവേകമുള്ള ഒരു മുസ്‌ലിമിനെങ്ങനെ കഴിയും?

അയൽവാസിയോടും അയൽരാജ്യത്തോടും ശത്രുത പുലർത്തുന്നവനാണിന്ന് യഥാർഥ കുടുംബ സ്നേഹിയും രാജ്യസ്നേഹിയും ആയി വിലയിരുത്തപ്പെടുന്നത്! ഒരു മനുഷ്യൻ നബിﷺയോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഞാൻ നല്ലയാളോ ചീത്തയാളോ എന്ന് എങ്ങനെയാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുക?" അപ്പോൾ നബിﷺ പറഞ്ഞു: "നീ നല്ല വ്യക്തിയാണെന്ന് നിന്റെ അയൽവാസികൾ പറയുന്നതുകേട്ടാൽ നീ നല്ലയാളാണെന്ന് മനസ്സിലാക്കുക. അവർ നീ ചീത്തയാളാണെന്ന് പറയുന്നതു കേട്ടാൽ നീ ചീത്തയാളാണെന്നും മനസ്സിലാക്കിക്കൊള്ളുക" (ഇബ്നുമാജ).

സത്യവും ധർമവും നീതിയും മറ്റു നന്മകളും കൈമുതലായുള്ളവനെക്കുറിച്ച് ആർക്കും നല്ലതേ പറയുവാനുണ്ടാകൂ. ഉന്നത വിദ്യാഭ്യാസംകൊണ്ടും ഉയർന്ന ജോലി കൊണ്ടുമൊന്നും മനുഷ്യൻ മനുഷ്യനാകില്ല. സ്രഷ്ടാവിലുള്ള അചഞ്ചലമായ വിശ്വാസവും മരണാനന്തര ജീവിതത്തിലെ രക്ഷാശിക്ഷകളിലുള്ള പ്രതീക്ഷയും ഭയവും ഉള്ളവർക്കേ ധാർമിക മൂല്യങ്ങൾ മുറുകെപ്പിടിച്ച് ജീവിക്കുന്ന 'മനുഷ്യ'രായി മാറുവാൻ കഴിയൂ.



ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

# നല്ല മരണത്തിന്റെ ലക്ഷണങ്ങൾ

3

### 5. ആദർശ സംരക്ഷണാർഥമുള്ള മരണം

ഒരാൾ സാക്ഷ്യവാക്യം (അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്- ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു) അംഗീകരിച്ച്, അതിനനുസരിച്ച് ജീവിക്കാൻ തയ്യാറാകുന്ന സന്ദർഭത്തിൽ ശത്രുക്കളാൽ അതിന് വിഘ്നം നേരിടുമ്പോൾ തന്റെ ആദർശം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രയത്നത്തിൽ കൊല്ലപ്പെട്ടാൽ അവനും ശഹീദാണ്.

സഈദുബ്നു സൈദിؓൽനിന്ന് നിവേദനം, നബിﷺ പറഞ്ഞു: “ഒരാൾ തന്റെ ദീൻ (സംരക്ഷിക്കുവാൻ) വേണ്ടി കൊല്ലപ്പെട്ടു; അയാൾ ശഹീദാണ്” (തിർമിദി).

### 6. യോദ്ധാവായിരിക്കെയുള്ള മരണം

അബൂഹുറയ്റ ﷺയിൽനിന്നും നിവേദനം, നബിﷺ പറഞ്ഞു: 'നിങ്ങളിലെ ശഹീദിനെ നിങ്ങൾ എങ്ങനെയാണ് എണ്ണുന്നത്?' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ആരാണോ അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നത് അവൻ ശഹീദാണ്.' നബിﷺ പറഞ്ഞു: 'എങ്കിൽ നിശ്ചയം, എന്റെ സമുദായത്തിൽ ശുഹദാക്കൾ കുറവാണ്.' അവർ പറഞ്ഞു: 'അപ്പോൾ അവർ ആരാണ് റസൂലേ?' നബിﷺ പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നവൻ ശഹീദാണ്. അല്ലാഹുവിന്റെ മാർഗത്തിൽ മരിക്കുന്നവൻ ശഹീദാണ്' (മുസ്‌ലിം).

### 7. സൽപ്രവൃത്തിയിലായിരിക്കെ മരിക്കൽ

വിശ്വാസികളെല്ലാം സ്വർഗം ആഗ്രഹിക്കുന്നവരും അതിന് വേണ്ടി പരിശ്രമിക്കുന്നവരാണ്. അല്ലാഹു പറയുന്നു:

"ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും സത്യവിശ്വാസിയായിക്കൊണ്ട് അതിന്നുവേണ്ടി അതിന്റേതായ പരിശ്രമം നടത്തുകയും ചെയ്യുന്നപക്ഷം അത്തരക്കാരുടെ പരിശ്രമം പ്രതിഫലാർഹമായിരിക്കും" (17:19).

പരലോകത്തെ ഉന്നംവെക്കുന്നവരുടെ യത്നങ്ങളും കർമങ്ങളും അല്ലാഹു ഒന്നും പാഴാക്കുകയില്ല. എല്ലാം നന്ദിപൂർവം സ്വീകരിക്കുകതന്നെ ചെയ്യും. അഥവാ, അവരുടെ ഓരോ ചലനത്തിനും ഇരട്ടിക്കണക്കിൽ പ്രതിഫലം നൽകുകയും അവയെ വളർത്തി പോഷിപ്പിച്ചുകൊടുക്കുകയും ചെയ്യും.

ഹുദയ്ഫയി ﷺൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "ഞാൻ നബിﷺയെ എന്റെ നെഞ്ചിലേക്ക് ചേർത്തു. അപ്പോൾ തിരുമേനിﷺ പറഞ്ഞു: 'വല്ലവനും അല്ലാഹുവിന്റെ വജ്ഹ് കാംക്ഷിച്ച് 'ലാ ഇലാഹ ഇല്ലല്ലാഹ്' പറയുകയും അതുകൊണ്ട് അവന് പരിസമാപ്തി കുറിക്കപ്പെടുകയുമാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു. വല്ലവനും അല്ലാഹുവിന്റെ വജ്ഹ് കാംക്ഷിച്ച് ഒരുദിനം നോമ്പെടുക്കുകയും അതുകൊണ്ട് അവന് പരിസമാപ്തി കുറിക്കപ്പെടുകയുമാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു. വല്ലവനും അല്ലാഹുവിന്റെ വജ്ഹ് കാംക്ഷിച്ച് ഒരു ദാനം നൽകുകയും അതുകൊണ്ട് അവന് പരിസമാപ്തി കുറിക്കപ്പെടുകയാണെങ്കിൽ അവനും സ്വർഗത്തിൽ പ്രവേശിച്ചു.'

സൽകർമങ്ങൾ സ്വർഗപ്രവേശനത്തിന് കാരണമാണ് എന്ന് അറിയിക്കുന്ന ഹദീഥുകൾ ഇനിയും നമുക്ക് കാണാൻ സാധിക്കും.

അബൂഹുറയ്റ ﷺ നിവേദനം; നബിﷺചോദിച്ചു: 'ആരുണ്ട് ഇന്നത്തെ പ്രഭാതത്തിൽ നോമ്പുകാരനായി?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബിﷺ ചോദിച്ചു: 'ആരുണ്ട് ഇന്ന് നിങ്ങളിൽ ജനാസയെ അനുഗമിച്ചവൻ?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബിﷺ ചോദിച്ചു: 'ആരുണ്ട് ഈ ദിനം നിങ്ങളിൽ പാവപ്പെട്ടവന് ഭക്ഷണം നൽകിയവൻ?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബിﷺ ചോദിച്ചു: 'ആരുണ്ട് ഇന്ന് നിങ്ങളിൽ രോഗിയെ സന്ദർശിച്ചവനായിട്ട്?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബിﷺ പറഞ്ഞു: 'ആരിലാണോ ഈ കാര്യങ്ങൾ ഒരുമിക്കുന്നത്, അവൻ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കു കയില്ല' (മുസ്‌ലിം).

### 8. കാവൽക്കാരനായിരിക്കെയുള്ള മരണം

സൽമാൻ ﷺവിൽ നിന്ന് നിവേദനം, നബിﷺ പറഞ്ഞു: "ഒരു രാവും ഒരു പകലും അതിർത്തിയിൽ കാവൽ നിൽക്കലാണ് ഒരു മാസത്തെ നോമ്പിനെക്കാളും നമസ്കാരത്തെക്കാളും ശ്രേഷ്ഠം. അയാൾ മരണപ്പെട്ടാൽ താൻ ചെയ്തിരുന്ന കർമങ്ങൾ അയാൾക്ക് തുടർന്നും കിട്ടിക്കൊണ്ടിരിക്കും. തന്റെ ഉപജീവനം അയാൾക്ക് നൽകപ്പെടുകയും (ക്വബ്റിലെ) പരീക്ഷണത്തിൽനിന്ന് അയാൾക്ക് നിർഭയത്വം ലഭിക്കുകയും ചെയ്യും' (മുസ്‌ലിം).

മറ്റൊരു ഹദീഥിൽ ഇങ്ങനെ കാണാം: ഫദ്വാല ഇബ്നു ഉബയ്ദ ﷺൽനിന്ന് നിവേദനം, നബിﷺ പറഞ്ഞു: "മരണപ്പെട്ട ഓരോരുത്തർക്കും തന്റെ കർമം (അവസാനിച്ചതായി) മുദ്രവെക്കപ്പെടും. അല്ലാഹുവിന്റെ മാർഗത്തിൽ അതിർത്തി സംരക്ഷകനായി മരണപ്പെട്ട വ്യക്തിക്കൊഴിച്ച്. കാരണം അയാൾക്ക് അയാളുടെ പ്രവർത്തനം അന്ത്യനാളുവരെയും പെരുപ്പിക്കപ്പെടും. ക്വബ്റിലെ പരീക്ഷണത്തിൽ നിന്ന് അയാൾക്ക് നിർഭയത്വവും ലഭിക്കും" (തിർമിദി).

### 9. ശരീര സംരക്ഷണാർഥമുള്ള മരണം

സ്വന്തം ശരീരത്തെ സംരക്ഷിക്കുന്നതിന് പ്രതിഫലമുണ്ടെന്ന് പഠിപ്പിച്ച മതമാണ് ഇസ്‌ലാം. അപ്രകാരം സ്വശരീരത്തെ നശിപ്പിക്കുന്നവന് ശിക്ഷയും ലഭിക്കുന്നതാണ്.

സഈദുബ്നു സെയ്ദിൽ ﷺനിന്നും നിവേദനം, അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "...ഒരാൾ തന്റെ രക്തം സംരക്ഷിക്കുവാൻ വേണ്ടി കൊല്ലപ്പെട്ടാൽ അയാൾ ശഹീദാണ്..." (തിർമിദി).

### 10. കുടുംബ സംരക്ഷണാർഥമുള്ള മരണം

മനുഷ്യന്റെ നിലനിൽപും സാമൂഹിക വളർച്ചയും നിലകൊള്ളുന്നത് തന്നെ കുടുംബബന്ധത്തെ അടിസ്ഥാനമാക്കിയാണ്. ഓരോ മനുഷ്യനും അവനവന്റെ കുടുംബത്തെ കുറിച്ച കൃത്യമായ ബോധവും ധാരണയുമുണ്ടായിരിക്കും. കുടുംബത്തിന്റെ സന്തോഷവും സമാധാനവും നിലനിൽക്കാനാവശ്യമായ രൂ

പത്തിലാണ് മനുഷ്യൻ അവന്റെ ജീവിതം ചിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ചിലരിലെങ്കിലും ഇത് കൈമോശം വരുന്നു എന്നതും യാഥാർഥ്യമാണ്. അതിന് കാരണം അവനവന്റെ ദുഷ്‌ചെയ്തികളാണ്.

കുടുംബത്തിന്റെ സന്തോഷവും സുരക്ഷയും ഉപജീവനവും ഉറപ്പുവരുത്തുന്നതിന് ഇസ്‌ലാം വലിയ വിലയും പ്രതിഫലവും നൽകുന്നുണ്ട്.

സഈദുബ്‌നു സെയ്ദി﵁ൽനിന്ന് നിവേദനം, നബിﷺ പറഞ്ഞു: "ഒരാൾ തന്റെ ഇണയെ (സംരക്ഷിക്കുവാൻ) വേണ്ടി കൊല്ലപ്പെട്ടു; അയാളും ശഹീദാണ്..." (തിർമിദി).

### 11. സമ്പത്ത് സംരക്ഷണാർഥമുള്ള മരണം

സമ്പത്തിനോടുള്ള പ്രിയം മനുഷ്യന്റെ കൂടെപ്പിറപ്പാണ്. മനുഷ്യനെ സംബന്ധിച്ച് എത്രകിട്ടിയാലും മതിവരാത്ത ഒന്നുണ്ടെങ്കിൽ അത് സമ്പത്താണ്. അതുകൊണ്ടാണല്ലോ നബിﷺ പറഞ്ഞത്: "ആദം സന്തതിക്ക് സ്വർണത്തിന്റെ ഒരു താഴ്‌വര ലഭിച്ചാൽ അതുപോലെയുള്ള ഒന്നുകൂടി ലഭിക്കുന്നതിന് വേണ്ടി അവൻ ആഗ്രഹിക്കും. മണ്ണല്ലാതെ അവന്റെ വായ നിറക്കുകയില്ല."

എന്നാൽ ഈ ദുൻയാവിലെ ജീവിതത്തിന് സമ്പത്ത് ഒരു അഭിവാജ്യ ഘടകമാണ്. അതില്ലാതെ ജീവിതം സാധ്യമല്ല. സമ്പത്ത് ലഭിച്ചവരിൽ വ്യത്യസ്ത വിഭാഗം ആളുകളുണ്ട് മനുഷ്യരുടെ കൂട്ടത്തിൽ. വലിയ സമ്പന്നർ, അത്യാവശ്യം ആവശ്യങ്ങൾ നിർവഹിക്കാൻ മാത്രം സാമ്പത്തിക സ്ഥിതിയുള്ളവർ, ബാധ്യതകൾ നിർവഹിക്കുമ്പോൾ വരുമാനം തികയാതെ വരുന്നവർ (മിസ്‌കീൻ), പരമദരിദ്രർ ഇങ്ങനെ പോകുന്നു.

ഓരോരുത്തരും അവനവൻ സമ്പാദിച്ചുണ്ടാക്കിയ സമ്പത്തിന് നഷ്ടം സംഭവിക്കാതിരിക്കാനും നന്നായി ശ്രദ്ധിക്കാറുണ്ട്. തന്റെ സമ്പത്ത് സംരക്ഷിക്കുന്നതിന്റെ പേരിൽ മരണപ്പെടേണ്ടി വന്നാൽ അതും പ്രതിഫലാർഹമാണ്.

സഈദുബ്‌നു സെയ്ദി﵁ൽ നിന്ന് നിവേദനം, നബിﷺ പറഞ്ഞു: "...ഒരാൾ തന്റെ സമ്പത്ത് (സംരക്ഷിക്കുന്നതിന്) വേണ്ടി കൊല്ലപ്പെട്ടു, അയാൾ ശഹീദാണ്..." (തിർമിദി).

### 12. ഗർഭിണിയായിരിക്കെയുള്ള മരണം

നബിﷺ പറഞ്ഞതായി ജാബിർ ഇബ്‌നു അതീകിൽ﵁നിന്ന് നിവേദനം: "...ഗർഭത്തിൽ കുഞ്ഞുണ്ടായിരിക്കെ മരണപ്പെടുന്ന സ്ത്രീയും (ശഹീദാണ്)..." (മാലിക്, അബൂദാവൂദ്,അഹ്മദ്, നസാഈ).

ഈ വിഷയത്തിൽ വന്ന മറ്റു ചില ഹദീഥുകൾ കൂടി കാണുക:

നബിﷺ പറഞ്ഞതായി സൽമാൻ﵁വിൽ നിന്ന് നിവേദനം: "...പ്രസവം മൂലമുള്ള മരണം ശഹാദത്താണ്..." (ത്വബ്‌റാനി).

നബിﷺ പറഞ്ഞതായി ഉബാദ്തുബ്‌നു സ്വാമിത്തി﵁ൽനിന്ന് നിവേദനം: "ഗർഭിണിയായിരിക്കെ ഗർഭസ്ഥ ശിശുവിനാൽ മരണപ്പെടുന്ന സ്ത്രീയുടെ മരണം ശഹാദത്താണ്. അവളുടെ കുഞ്ഞ് തന്റെ പൊക്കിൾകൊടികൊണ്ട് അവളെ സ്വർഗത്തിലേക്ക് വലിക്കുന്നതാണ്" (അഹ്മദ്).

### 13. ഉദര രോഗത്താലുള്ള മരണം

വയറിന് അസുഖം ബാധിച്ചുള്ള മരണം നല്ല മരണത്തിന്റെ ലക്ഷണമാണ്.

അബൂഹുറയ്‌റ﵁യിൽനിന്ന് നിവേദനം, നബിﷺ പറഞ്ഞു: "വയറിൽ (അസുഖം പിടിച്ച്) മരിക്കുന്നവൻ ശഹീദാണ്" (മുസ്‌ലിം).

നബിﷺ പറഞ്ഞതായി ജാബിറുബ്‌നു അതീകിൽ﵁നിന്ന് നിവേദനം: "അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടൽ കൂടാതെയുള്ള ശുഹദാക്കൾ ഏഴാണ്... വയറിൽ (അസുഖം പിടിച്ച്) മരിക്കുന്നവൻ ശഹീദാണ്." (മുവത്വ).

മറ്റൊരു സംഭവം കാണുക: അബ്ദുല്ലാഹിബ്‌നു യസാർ﵁ പറയുന്നു: "ഞാനും സുലൈമാൻ ഇബ്‌നു സ്വുറദും ഖാലിദുബ്‌നു ഉർഫുത്വയും ഇരിക്കുകയായിരുന്നു. അപ്പോൾ ഉദര(സംബന്ധമായ രോഗ)ത്താൽ മരണപ്പെട്ട ഒരു വ്യക്തിയെക്കുറിച്ച് ആളുകൾ പറഞ്ഞു. ഉടൻ ആ വ്യക്തിയുടെ ജനാസയിൽ സന്നിഹിതരാകുവാൻ അവർ രണ്ട് പേരും ആഗ്രഹിച്ചു. രണ്ടിലൊരാൾ മറ്റേയാളോട് പറഞ്ഞു: 'ആരെയെങ്കിലും തന്റെ വയർ (വയറ്റിലെ അസുഖം) കൊന്നാൽ അവന്റെ ക്വബ്‌റിൽ അവൻ ശിക്ഷിക്കപ്പെടുകയില്ല എന്ന് അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിട്ടില്ലേ?' അപ്പോൾ മറ്റേ വ്യക്തി പറഞ്ഞു: 'അതെ.' മറ്റൊരു റിപ്പോർട്ടിൽ 'താങ്കൾ സത്യമാണ് പറഞ്ഞത്' എന്നുമുണ്ട് (അഹ്മദ്, തിർമിദി).

### 14. പ്ലേഗ് രോഗത്താലുള്ള മരണം

വർത്തമാനകാലത്ത് കോവിഡ് 19 എന്ന പകർച്ചവ്യാധി ബാധിച്ച് ലോകത്ത് ലക്ഷക്കണക്കിനാളുകൾമരണപ്പെട്ടതായും ആയിരങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നതായും നമുക്കറിയാം. ഒരു കാലഘട്ടത്തിൽ ലോകത്തെ വിറപ്പിച്ച മഹാമാരികളായിരുന്നു പ്ലേഗ്, വസൂരി പോലുള്ളവ.

അന്ത്യനാളിന്റെ ചെറിയ അടയാളങ്ങൾ എണ്ണുന്ന കൂട്ടത്തിൽ അല്ലാഹുവിന്റെ തിരുദൂതർﷺ പറഞ്ഞു: "അന്ത്യനാളിന്റെ മുന്നോടിയായി ആറ് കാര്യങ്ങളെ നിങ്ങൾ എണ്ണുക... പിന്നീട് ഒരു കൂട്ടമരണമായി

രിക്കും. ആടുകളെ പിടികൂടുന്ന ഗോമാരിരോഗം പോലെ അത് നിങ്ങളെ പിടികൂടും...'' (ബുഖാരി).

ഹിജ്‌റ പതിനെട്ടിൽ ഫലസ്തീനിലെ അംവാസ് എന്നു പറയുന്ന ഗ്രാമത്തിൽ ഒരു പകർച്ച വ്യാധിയുണ്ടാവുകയും പിന്നീട് അത് സിറിയയിലേക്ക് പടരുകയും ചെയ്തു. ഇരുപത്തി അയ്യായിരത്തോളം മനുഷ്യർ അതിൽ മരണപ്പെട്ടു. മുപ്പതിനായിരം എന്നും ചില റിപ്പോർട്ടുകൾ പറയുന്നു. അല്ലാഹുവിന്നാണ് നന്നായി അറിയുക.

അമീനുൽ ഉമ്മഃ അബൂഉബയ്ദ, മുആദുബ്‌നു ജബലി(റ)നെ പോലെയുള്ള പ്രഗത്ഭരായ സ്വഹാബിമാർ വഫാത്തായത് ഈ പകർച്ചവ്യാധിയാലാണ്.

പ്ലേഗ് രോഗം ബാധിച്ച് മരിക്കുന്നതും രക്തസാക്ഷ്യത്തിൽ പെട്ടതാണ്;

അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു: "...പ്ലേഗ് രോഗത്തിൽ മരിക്കുന്നവൻ ശഹീദാണ്'' (മുസ്‌ലിം).

ഹഫ്‌സ്വത്ത് ബിൻത് സീരീനി(റ)ൽനിന്ന് നിവേദനം, അവർ പറയുന്നു: "അനസ് ഇബ്‌നുമാലിക്(റ) എന്നോട് ചോദിച്ചു: 'യഹ്‌യാ ഇബ്‌നു അബീഅംറഃ എന്ത് കാരണത്താലാണ് മരിച്ചത്?' ഞാൻ പറഞ്ഞു: 'പ്ലേഗ് കാരണത്താൻ.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു; പ്ലേഗ് എല്ലാമുസ്‌ലിമിനും ശഹാദത്താകുന്നു'' (ബുഖാരി, അഹ്‌മദ്).

നബി ﷺ പറഞ്ഞതായി ജാബിർ ഇബ്‌നു അതീഖിൽ(റ)നിന്ന് നിവേദനം: "അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടൽ കൂടാതെയുള്ള ശുഹദാക്കൾ ഏഴാണ്. പ്ലേഗ് രോഗബാധയാൽ മരിക്കുന്നവൻ ശഹീദാണ്...'' (മുവത്വ).

### 15. ദാത്തുൽ ജൻബ് രോഗത്താലുള്ള മരണം

നബി ﷺ പറഞ്ഞതായി ജാബിർ ഇബ്‌നു അതീഖിൽ നിന്ന് നിവേദനം: "അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടൽ കൂടാതെയുള്ള ശുഹദാക്കൾ ഏഴാണ്...ദാത്തുൽജൻബ് (ശരീര പാർശ്വങ്ങൾ ഉള്ളിലേക്ക് മുഴച്ച് പൊട്ടിയുള്ള ഒരു രോഗം) മൂലം മരണപ്പെടുന്ന വ്യക്തി ശഹീദാണ്...'' (മുവത്വ).

മറ്റൊരു ഹദീസ് ഇപ്രകാരം കാണാം: നബി ﷺ പറഞ്ഞതായി ഉഖ്ബത്ത് ഇബ്‌നു ആമിറി(റ)ൽനിന്ന് നിവേദനം: "ശരീര പാർശ്വങ്ങൾ ഉള്ളിലേക്ക് മുഴച്ച് പൊട്ടി മരണപ്പെടുന്ന വ്യക്തി ശഹീദാണ്...'' (അഹ്‌മദ്).

### 16. ക്ഷയരോഗം നിമിത്തമുള്ള മരണം

നബി ﷺ പറഞ്ഞതായി സൽമാൻ(റ)വിൽനിന്ന് നിവേദനം: "...ക്ഷയരോഗം മൂലമുള്ള മരണം ശഹാദത്താണ്...'' (ത്വബ്‌റാനി).

### 17. അഗ്നിബാധയാലുള്ള മരണം

നബി ﷺ പറഞ്ഞതായി ജാബിർ ഇബ്‌നു അതീഖി(റ)ൽ നിന്ന് നിവേദനം: "അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടൽ കൂടാതെയുള്ള ശുഹദാക്കൾ ഏഴാണ്... അഗ്നിബാധയിൽ മരണപ്പെട്ടവൻ ശഹീദാണ്'' (മുവത്വ).

### 18. വെള്ളത്തിൽ മുങ്ങിയുള്ള മരണം

നമ്മുടെ നാട്ടിൽ നിരന്തരം നാം കേൾക്കുന്ന വാർത്തകളിൽ ഒന്നാണ് വെള്ളത്തിൽ മുങ്ങിയുള്ള മരണം. കുട്ടികളും മുതിർന്നവരുമൊക്കെ ഇത്തരത്തിലുള്ള മരണത്തിന് വിധേയയമാകാറുണ്ട്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള മരണങ്ങൾക്ക് വലിയ പ്രതിഫലവും അല്ലാഹു നിശ്ചയിച്ചിട്ടുണ്ട് എന്നതാണ് ഏക ആശ്വാസം.

അബൂഹുറയ്‌റ(റ) വിൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു: "വെള്ളത്തിൽ മുങ്ങി മരിക്കുന്നവനും ശഹീദാണ്.'' (മുസ്‌ലിം)

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: നബി ﷺ പറഞ്ഞതായി ജാബിർ ഇബ്‌നു അതീഖി(റ)ൽ നിന്ന് നിവേദനം: "അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടൽ കൂടാതെയുള്ള ശുഹദാക്കൾ ഏഴാണ്... മുങ്ങിമരിച്ചവൻ ശഹീദാണ്'' (മുവത്വ).

### 19. തകർന്നുവീണതിനടിയിൽപെട്ടുള്ള മരണം

വീടും കെട്ടിടങ്ങളും മരവും മറ്റുമൊക്കെ തകർന്നുവീഴുന്നതിനടിയിൽ കുടുങ്ങി മരണപ്പെടുന്നവരും ശുഹദാക്കളുടെ പട്ടികയിൽ പെടുന്നു.

നബി ﷺ പറഞ്ഞതായി ജാബിർ ഇബ്‌നു അതീഖി(റ)ൽനിന്ന് നിവേദനം: "അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടൽ കൂടാതെയുള്ള ശുഹദാക്കൾ ഏഴാണ്... തകർന്ന് വീണതിനടിയിൽപെട്ട് മരിക്കുന്നവൻ ശഹീദാണ്'' (മുവത്വ).

നാം പലരുടെയും മരണത്തിന് സാക്ഷികളായവരാണ്. പല രൂപത്തിലുള്ള മരണങ്ങളും കണ്ടറിഞ്ഞവരും കേട്ടറിഞ്ഞവരുമാണ്. പലർക്കും പലരൂപത്തിലായിരിക്കും അല്ലാഹു മരണം നിശ്ചയിച്ചിട്ടുണ്ടാവുക. നമ്മളും മരിക്കേണ്ടവരാണ്. നമ്മുടെ മരണം ഏത് രൂപത്തിലായിരിക്കുമെന്ന് നമുക്ക് അറിഞ്ഞുകൂടാത്തതാണ്. മുകളിൽ നാം മനസ്സിലാക്കിയതുപോലുള്ള കാരണങ്ങൾ കൊണ്ട് മരണപ്പെടുന്നവരെയോർത്ത് അവരുടെ പരലോകമോർത്ത് നമുക്ക് പ്രാർഥിക്കുകയും സമാശ്വസിക്കുകയും ചെയ്യാം. സ്രഷ്ടാവ് നല്ല മരണം നൽകി നമ്മെയെല്ലാം അനുഗ്രഹിക്കുമാറാകട്ടെ എന്നു പ്രാർഥിക്കാം.

**(അവസാനിച്ചു)**

സജ്ജാദ് ബിൻ അബ്ദുറസാക്
binabdurazack@gmail.com



# ലക്ഷദ്വീപിലെ കാവിവൽക്കരണം രാഷ്ട്രീയവും ദർശനവും

> അറബിക്കടലിന്റെ മരതകമാണ് ലക്ഷദ്വീപ്. ഗോത്രവർഗ ജീവിതരീതിയോട് അടുത്തുനിൽക്കുന്ന നന്മയുടെ തുരുത്തായ ദ്വീപ് സമൂഹത്തെ കാവിവൽക്കരിക്കാനുള്ള വിലകുറഞ്ഞ ശ്രമങ്ങളാണ് അഡ്മിനിസ്ട്രേഷനും അവരുടെ സിൽബന്ധികളും ചെയ്തുകൊണ്ടിരിക്കുന്നത്. സംസ്കാരം കരുപ്പിടിപ്പിക്കേണ്ടത് കൊള്ളക്കൊടുക്കലിലൂടെയാണ് കൊള്ളയടിയിലൂടെയല്ല എന്ന് ആരാണ് ഇവരെ ബോധ്യപ്പെടുത്തുക!

**1945** ആഗസ്റ്റ് 15ന് പ്രസിദ്ധീകരിക്കപ്പെട്ട ജോർജ് ഓർവലിന്റെ ഒരു പ്രസിദ്ധമായ നോവലാണ് 'അനിമൽ ഫാം'.

മാനർ ഫാമിലെ മിസ്റ്റർ ജോൺസ് ഒരു അലസനും മദ്യപാനിയുമായിരുന്നു. ഒരു ദിവസം തന്റെ വളർത്തു മൃഗങ്ങൾക്ക് തീറ്റനൽകാൻ അയാൾ മറന്നുപോയി. അതിനെത്തുടർന്ന് നെപ്പോളിയൻ, സ്നോബോൾ

എന്നീ പന്നികളുടെ നേതൃത്വത്തിൽ ഫാമിൽ ഒരു കലാപം നടക്കുകയും മൃഗങ്ങൾ ഫാമിന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു. അങ്ങനെ മൃഗങ്ങൾ മനുഷ്യരെ തുരത്തി ഒരു അനിമൽ ഫാം സ്വന്തമാക്കുന്നതും അവിടെ സ്വന്തമായി അധികാരം സ്ഥാപിക്കുന്നതുമാണ് നോവലിന്റെ ഇതിവൃത്തം. അധികാരം പിടിച്ചശേഷം മാനർ ഫാമിന്റെ പേര് മാറ്റി 'അനിമൽ ഫാം' എന്ന ബോർഡ് സ്ഥാപിക്കുകയും ചെയ്തു.

കാലം കുറെ കടന്നുപോയി... അധികാരം പിടിക്കാൻ ഒരുമിച്ചുനിന്നവർക്ക് ഉള്ളിൽതന്നെ അഴിമതിയും അസഹിഷ്ണുതയും പൊട്ടിപ്പുറപ്പെടാൻ തുടങ്ങി.

സത്യത്തിൽ, തെറ്റിപ്പോയ ഒരു വിപ്ലവത്തിന്റെ ചരിത്രമാണ് അനിമൽ ഫാം. അധികാരത്തിന്റെ ദുഷിച്ച സ്വാധീനത്തെക്കുറിച്ചുള്ള എക്കാലത്തെയും ശ്രേഷ്ഠമായ ആക്ഷേപഹാസ്യ നോവൽ!

ലക്ഷദ്വീപുമായി ബന്ധപ്പെട്ട വാർത്തകളും അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളും അറിഞ്ഞപ്പോൾ മനസ്സിലേക്ക് കടന്നുവന്നത് ഈ നോവലാണ്. നീലപ്പട്ടാടയിൽ വിതറിയ മുത്തുകൾ കണക്കെ കേരളത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന മുപ്പത്തിയാറ് ദ്വീപുകളുടെ സമൂഹമാണ് ലക്ഷദ്വീപുകൾ എന്ന പേരിലറിയപ്പെടുന്നത്. 96 ശതമാനത്തോളം വരുന്ന മുസ്‌ലിംകൾ വളരെ സന്തോഷത്തോടെ സമാധാനപരമായി ജീവിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യയിലെ ദ്വീപ് സമൂഹം.

എന്നാൽ ഖേദകരമെന്ന് പറയട്ടെ, അതിനെ കാവിവൽക്കരിക്കാനുള്ള തകൃതിയായ ശ്രമത്തിലാണ് ഇന്ന് സംഘപരിവാർ ഭരണകൂടം. സമാധാനപരമായി ജീവിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ അടിച്ചമർത്തിക്കൊണ്ട് അവരുടെ പ്രദേശത്തെ ഒരു സംഘർഷ ഭൂമിയാക്കി മാറ്റുന്നത് എങ്ങനെയാണ് എന്നതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ലക്ഷദ്വീപും അവിടെ നടക്കുന്ന കാര്യങ്ങളും.

സംഘപരിവാർ ഭരണകൂടം ലക്ഷദ്വീപിനെ കാവിവൽക്കരിക്കാനുള്ള ശ്രമത്തിലാണ് എന്ന് പറയാൻ കൃത്യമായ കാരണങ്ങളുണ്ട്. അവ എന്തൊക്കെയാണ് എന്ന് നാം ചെറിയ രൂപത്തിലെങ്കിലും മനസ്സിലാക്കേണ്ടതുണ്ട്.

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററും മുൻ ഐ.ബി(ഇന്റലിജൻസ് ബ്യൂറോ) മേധാവിയുമായിരുന്ന ദിനേശ്വർ ശർമ അസുഖത്തെത്തുടർന്ന് മരണപ്പെടുന്നു. അപ്പോൾ പുതിയ ഒരു അഡ്മിനിസ്ട്രേറ്റ് ഓഫീസർ സ്ഥാനമേൽക്കുന്നു. നരേന്ദ്ര മോദിയുടെ ഉറ്റസുഹൃത്തും മുൻ ബി.ജെ.പി നേതാവുമായിരുന്ന പ്രഫുൽ പട്ടേലാണ് സ്ഥാനമേറ്റത്.

2020 ഡിസംബർ അഞ്ചുവരെ ഇന്ത്യയിലെ ഏറ്റവും സമാധാനം നിറഞ്ഞ ഒരു പ്രദേശമായിരുന്നു ലക്ഷദ്വീപ് എന്ന് വേണമെങ്കിൽ പറയാം. എന്നാൽ പ്രഫുൽ പട്ടേൽ അഡ്മിനിസ്ട്രേറ്റർ പദവി സ്വീകരിച്ചതോടെ ആ അവസ്ഥക്ക് മാറ്റം വന്നിരിക്കുകയാണ്. ലക്ഷദ്വീപ് ജനതയുടെ മുഴുവൻ സമാധാനവും ഇല്ലാതാക്കുന്ന തരത്തിലുള്ള നിയമപദ്ധതികളും പരിഷ്കരണങ്ങളുമാണ് ഇപ്പോൾ ഓരോ ദിവസവും ദ്വീപിൽ പ്രാബല്യത്തിൽ വന്നുകൊണ്ടിരിക്കുന്നത്.

ലക്ഷദ്വീപിനെ തകർത്ത് തരിപ്പണമാക്കി തങ്ങളുടെ രാഷ്ട്രീയപരവും വ്യാവസായികവുമായ പദ്ധതികൾ നടപ്പാക്കാനുള്ള ഹിന്ദുത്വ ഭരണകൂടത്തിന്റെ നീക്കങ്ങളിൽ ഇന്ന് ലക്ഷദ്വീപ് ജനത പൊറുതിമുട്ടിയിരിക്കുകയാണ്.



## ജോൺ ബ്രിട്ടാസ്

പ്രഫുൽ പട്ടേൽ ഒരു റിയൽഎസ്റ്റേറ്റ് കമ്പനിയുടെ സാരഥിയാണ്. അതുകൊണ്ട് തന്നെ ഒരു റിയൽഎസ്റ്റേറ്റ് കണ്ണിലൂടെയാണ് അയാൾ ദ്വീപിനെ നിരീക്ഷിക്കുന്നത്. മത്സ്യബന്ധനത്തിലൂടെ നിത്യജീവിതത്തിനുള്ള വരുമാനം കണ്ടെത്തുന്ന പാവപ്പെട്ട ഒരുപാട് ആളുകൾ അധിവസിക്കുന്ന ഒരു ദ്വീപിലാണ് പ്രഫുൽ പട്ടേൽ വീതിയുള്ള വലിയ വലിയ റോഡുകൾ വെട്ടുന്നതിനെക്കുറിച്ച് സംസാരിക്കുന്നത്.

അതിലൂടെ അദ്ദേഹം തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നത് അംബാനിയെപോലുള്ള അദാനിയെപ്പോലുള്ള രാജ്യത്തെ മുതലാളിത്ത വർഗത്തെയാണ്. മോഹൻ ദൽക്കറെന്ന ഒരു എം.പി മുംബൈയിൽ വെച്ച് ആത്മഹത്യ ചെയ്തിരുന്നു. ആ ആത്മഹത്യക്ക് പിന്നിൽ പ്രവർത്തിച്ച ആളുകൾ എന്ന നിലയ്ക്ക് കേസുള്ള ആളുകളുടെ കൂട്ടത്തിൽ പേരുള്ള ഒരാളാണ് ഈ പ്രഫുൽ പട്ടേൽ എന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്.

കോവിഡ് മഹാമാരി സംഹാരതാണ്ഡവമാടികൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ ഒരു വർഷത്തോളമായി കോവിഡ് കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത ലക്ഷദ്വീപിലേക്ക് നിയുക്ത അഡ്മിനിസ്ട്രേറ്റർ കടന്നുവന്നത് കോവിഡ് പ്രോട്ടോക്കോളുകളെല്ലാം കാറ്റിൽപറത്തിക്കൊണ്ടാണ്. പലയിടങ്ങളിലും ഇടകലർന്ന് പലരുമായും സഹവസിച്ച് വന്ന ഒരാളായതുകൊണ്ടുതന്നെ ഫാസിസ്റ്റ് അജണ്ടകൾ ഇറക്കുമതി ചെയ്തതിന്റെ കൂട്ടത്തിൽ കോവിഡും അദ്ദേഹം ദ്വീപിൽ ഇറക്കുമതി ചെയ്തു. അതോടെ രോഗം അവിടെയും ക്രമാതീതമായി പെരുകാൻ തുടങ്ങി.

ഇന്ത്യൻ മതേതരത്വത്തെയും ഭരണഘടനയുടെ സത്തയെയും കൊഞ്ഞനംകുത്തിക്കൊണ്ട് സംഘപരിവാർ ഭരണകൂടം നടപ്പിലാക്കാൻ കാത്തുനിൽക്കുന്ന CAA, NRCക്കെതിരെ മനുഷ്യത്വമുള്ള സർവരും പ്രതിഷേധിച്ചിട്ടുണ്ട്. സ്വാഭാവികമായും ലക്ഷദ്വീപിലും പ്രതിഷേധങ്ങളുയർന്നിട്ടുണ്ടായിരുന്നു.



പ്രതിഷേധത്തിന്റെ ഭാഗമായി അവിടങ്ങളിൽ സ്ഥാപിക്കപ്പെട്ട CAA, NRC വിരുദ്ധ ബോർഡുകളെല്ലാം വന്നിറങ്ങിയ സമയത്തുതന്നെ പട്ടേൽ എടുത്ത് മാറ്റിച്ചു. കൂടാതെ തീരദേശ സംരക്ഷണ നിയമത്തിന്റെ മറവിൽ മത്സ്യബന്ധനജീവനക്കാരുടെ ഷെഡ്ഡുകളും പൊളിച്ചുമാറ്റി. ടൂറിസം വകുപ്പിൽനിന്ന് കാരണമില്ലാതെ 190 ജീവനക്കാരെ പിരിച്ചുവിട്ടു. സർക്കാർ ജീവനക്കാരിലെ തദ്ദേശീയരായ താൽകാലിക ജീവനക്കാരെ മുഴുവൻ ഒഴിവാക്കുകയും ചെയ്തു. അങ്കണവാടികൾ അടച്ച് പൂട്ടി. മദ്യശാലകൾ തീരെയില്ലാത്ത ലക്ഷദ്വീപിൽ ടൂറിസത്തിന്റെ പേരുപറഞ്ഞ് ആദ്യമായി മദ്യശാലകൾ തുറന്നു.

സ്കൂളിലെ വിദ്യാർഥികളുടെ ഉച്ചഭക്ഷത്തിലെ മെനുവിൽനിന്ന് മാംസാഹാരം ഒഴിവാക്കുകവഴി ഗുരുകുലങ്ങളുടെ അടുക്കളകളിൽ പോലും ഫാസിസം ഇടപെടുന്ന അവസ്ഥ വന്നു. പഞ്ചായത്ത് ഇലക്ഷനിൽ മത്സരിക്കുന്നവർക്ക് രണ്ട് മക്കളിൽ കൂടുതൽ ഉണ്ടാകാൻ പാടില്ല എന്ന നിയമം വെച്ചു. ജില്ലാപഞ്ചായത്തിന്റെ അധികാരങ്ങളായിരുന്ന വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകൾ എടുത്തുകളഞ്ഞു.

ലക്ഷദ്വീപ് സന്ദർശിക്കാൻ ഒരിക്കൽ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. അവിടെയുള്ള ജയിലുകളും കോടതികളും പലപ്പോഴും അടച്ചുപൂട്ടിക്കിടക്കുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. അതിനർഥം അവിടങ്ങളിൽ കുറ്റകൃത്യവും മറ്റും നന്നേ കുറവാണ് എന്നാണല്ലോ! അത്തരം ഒരു പ്രദേശത്താണ് അടിയന്തരമായി ഗുണ്ടാ ആക്ട് ഭരണകൂടം നടപ്പിലാക്കിയത്.

ലക്ഷദ്വീപിന് ഏറ്റവും കൂടുതൽ ബന്ധമുണ്ടായിരുന്ന ബേപ്പൂർ തുറമുഖവുമായിട്ടുള്ള ബന്ധം പാടെ വിഛേദിക്കാനും ഇനിമുതൽ ചരക്കുനീക്കം പോലുള്ള കാര്യങ്ങളും മറ്റും മംഗലാപുരം തുറമുഖം വഴി ആക്കണമെന്നുള്ള നിബന്ധന വെക്കുകയും ചെയ്തു. ഭരണനിർവഹണ സംവിധാനങ്ങളിൽ നിന്ന് ദ്വീപ് നിവാസികളെ തുടച്ചുനീക്കി.

വംശീയമായ ഒരു അപരവൽക്കരണത്തിന് വേണ്ടിയുള്ള സംഘപരിവാർ പദ്ധതിയുടെ തുടക്കമാണ് ഇത് എന്നാണ് ദ്വീപിലെ പച്ചയായ മുഴുവൻ മനുഷ്യന്മരും തറപ്പിച്ച് പറയുന്നത്. ദ്വീപിലെ സാമൂഹികാരോഗ്യരംഗത്തെ മുന്നണിപ്പോരാളിയായ ഐഷ സുൽത്താന പറയുന്നു:

“ദ്വീപുകാർക്ക് ‘വല്ലാത്തൊരു’ മനസ്സാണ്! ലക്ഷദ്വീപിൽ വരുന്നവരെല്ലാം ഒറ്റക്കെട്ടായി പറയുന്ന വാക്കാണിത്. ആ മനസ്സുള്ളവരെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങളെ ഒറ്റക്കെട്ടായി നിങ്ങൾ ചെറുക്കണമെന്നാണ് എന്റെ അഭ്യർഥന. ഇന്ത്യക്ക് സ്വാതന്ത്രം കിട്ടി ഏഴ് പതിറ്റാണ്ട് കഴിയുമ്പോൾ ഞങ്ങൾ ദ്വീപുകർ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടേണ്ട അവസ്ഥയിലാണ്. ഞങ്ങൾക്ക് സ്വാതന്ത്ര്യം വേണം. അത്

നേടിയെടുക്കാൻ ഇന്ന് ഞങ്ങൾക്ക് കേരളത്തിലെ സാധാരണക്കാരുടെ പിന്തുണ അനിവാര്യമാണ്. ലക്ഷദ്വീപിൽ ഭരണകൂട ഭീകരതയാണ് നടക്കുന്നത്.''

(പടച്ചോന്റെ മനസ്സ് എന്ന പ്രയോഗത്തിലൂടെ അവർ ഉദ്ദേശിച്ചത് നല്ല, ശുദ്ധമായ മനസ്സ് എന്നു മാത്രമായിരിക്കുമെന്ന് മനസ്സിലാക്കുക).

**എന്തുകൊണ്ട് പ്രഫുൽ പട്ടേൽ?!**

1925ലെ ഒരു വിജയദശമി ദിവസത്തിലാണ് മഹാരാഷ്ട്രയിലെ നാഗ്പൂർ ആസ്ഥാനമായിക്കൊണ്ട് ഡോ. കേശവ ബലിറാം ഹെഡ്ഗെവാർ രാഷ്ട്രീയ സ്വയം സേവക് സംഘ് സ്ഥാപിക്കുന്നത്.

'വിചാരധാര'യുടെ അടിസ്ഥാനത്തിൽ കൃത്യമായ ഒരു അജണ്ടയും അതിന്റെ ലക്ഷ്യസാക്ഷാത്കാരവും മുന്നിൽ കണ്ട് വളരെ ആസൂത്രിതമായി ഇന്ത്യാരാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ് ആർ.എസ്.എസ് എന്ന് അറിയാത്തവരല്ല നമ്മൾ.

ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കുക എന്ന ലക്ഷ്യത്തിലേക്ക് കയറിച്ചെല്ലാൻ സംഘപരിവാർ മുന്നോട്ട് വെച്ച ചില അജണ്ടകളുണ്ട്. അതിന്റെ ഏറ്റവും അടിസ്ഥാനം എന്നത് ഇറ്റലിയിൽ മുസോളിനിയും അതിൽ നിന്നും ഊർജമുൾക്കൊണ്ട് ജർമനിയിൽ ഹിറ്റ്ലറും നടപ്പിലാക്കിയ കാര്യം തന്നെയാണ്. ജനാധിപത്യ സംവിധാനം എടുത്തൊഴിവാക്കി ഒരു ഏകാധിപത്യ സംവിധാനം കൊണ്ടുവരിക എന്നതാണ് അത്.

അത് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കഴിയുന്ന കാര്യമല്ല എന്നവർക്ക് നന്നായിട്ടറിയാം. അതിന് വേണ്ടിയുള്ള പലമാർഗങ്ങളിൽ ഒന്ന് ഹിന്ദുത്വ ആശയം നെഞ്ചേറ്റി ജീവിക്കുന്ന അണികളെ ഭരണസിരാകേന്ദ്രങ്ങളുടെ കുഞ്ചിക സ്ഥാനങ്ങങ്ങളിൽ കൊണ്ടുപോയി ഇരുത്തുക എന്നതാണ്. അതിന് ഏത് അന്യായമായ വഴികളും അവർ സ്വീകരിക്കുകയും ചെയ്യും.

അതുകൊണ്ട് തന്നെയാണ് ഒരു കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിനെ ഫാസിസ്റ്റ് ഭൂമികയാക്കുന്നതിനുവേണ്ടി ഇന്ത്യ ഒരു ഹിന്ദുരാഷ്ട്രമാകാൻ കൊതിക്കുന്ന മോദിയുടെ ഉറ്റ സുഹൃത്തും ബി.ജെ.പി നേതാവുമായിരുന്ന പ്രഫുൽ പട്ടേലിനെ തന്നെ നിയോഗിച്ചത്.

സാധാരണക്കാരായ പാവപ്പെട്ട മുസ്‌ലിംകളുടെ സമാധാന ജീവിതം ഇല്ലാതാക്കുക എന്നത് തീർത്തും രാഷ്ട്രീയമായ ഒരു പകപോക്കലാണ്. മുസ്‌ലിംകളുടെ വിശ്വാസത്തെ തകർത്ത് ഫാസിസ്റ്റ് നയങ്ങൾ അടിച്ചേൽപിക്കുകയാണവിടെ. പുകച്ച് പുറത്ത് ചാടിക്കുക എന്ന നയമാണ് കേന്ദ്രസർക്കാർ ഇപ്പോൾ ദ്വീപ് നിവാസികളോട് സ്വീകരിക്കുന്നത്. പ്രതികരിക്കുന്നവരെയെല്ലാം കേസിൽ കുടുക്കി വേട്ടയാടുകയും ചെയ്യുന്നു.

## എം. കെ രാഘവൻ (എം.പി)

മോദി സർക്കാർ അധികാരത്തിൽ കയറിയതുമുതൽ നാലോളം അഡ്മിനിസ്ട്രേറ്റർമാർ ലക്ഷദ്വീപിൽ ഉണ്ടായിരുന്നു. ഇവരാരും നടപ്പിൽ വരുത്തിയിയിട്ടില്ലാത്ത ചില വിചിത്രമായ ഭരണപരിഷ്കരണങ്ങളാണ് പുതിയ അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ അധികാരത്തിൽ കയറിയത് മുതൽ അവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ഇന്ത്യൻ ഭരണഘടനയെ പച്ചക്ക് ചവിട്ടിത്തേക്കുന്ന CAA, NRC വിഷയങ്ങളിൽ പ്രതിഷേധിച്ച ആളുകളെ കേസെടുത്ത് ജയിലിലടച്ചിരിക്കുകയണ് പ്രഫുൽ പട്ടേൽ. ജനാധിപത്യ അവകാശങ്ങളെയെല്ലാം തന്നെ കാറ്റിൽ പറത്തിയിരിക്കുകയാണ്.

ട്രൈബൽ വിഭാഗത്തിന്റെ ഏറ്റവും വലിയ ഒരു പ്രദേശമാണ് ലക്ഷദ്വീപ് എന്ന് എല്ലാവർക്കുമറിയാം. ഈ വിഭാഗത്തിന് നമ്മുടെ ഭരണഘടന വകവെകച്ച് നൽകുന്ന അതീവ പ്രാധാന്യമുള്ള ഒരു സംരക്ഷണമുണ്ട്.

ഏത് സർക്കാർ അധികാരത്തിൽ വന്നാലും ആ സംരക്ഷണം നടപ്പിലാക്കാൻ അവർക്ക് ബാധ്യതയുണ്ട്. 99 ശതമാനം വരുന്ന ദ്വീപിലെ മുസ്‌ലിം ജനസമുദായത്തെ അടിച്ചോടിക്കാനുള്ള പൈശാചികമായ രീതികളാണ് പ്രഫുൽ പട്ടേൽ അവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

അമേരിക്കയിലെ മിയാമി ബീച്ചിലെ റെഡ് ഇന്ത്യൻസിനോട് അവിടുത്തെ ഭരണാധികാരികൾ സ്വീകരിച്ച കിരാതമായ നടപടികളുടെ ഒരു തുടർച്ചയായിട്ട് വേണം നാം ലക്ഷദ്വീപ് വിഷയത്തെയും നോക്കിക്കാണാൻ.

പ്രതികരിക്കുന്നവരെയെല്ലാം കേസിൽ കുടുക്കി ഭയപ്പെടുത്തുന്ന ഈ ഒരു രീതി ഫാസിസ്റ്റ് ഭരണകൂടവും പ്രഫുൽ പട്ടേലും സ്വീകരിച്ചിരിക്കുന്നതിന്റെ പിന്നിലെ രാഷ്ട്രീയം എന്താണ് എന്ന് വളരെ വ്യക്തമാണ്. അതിന്റെ വേരുകൾ തേടി നാം പോവുകയാണെങ്കിൽ അത് പുരാതന ആര്യൻ സംസ്കാരത്തിലേക്ക് ചെന്നുചേരുന്നത് നമുക്ക് കാണാൻ കഴിയും.

വേദങ്ങളും ഉപനിഷത്തുകളും രൂപകൽപന നൽകിയ വൈദിക സംസ്കാരം എന്നറിയപ്പെടുന്ന ആര്യ സംസ്കാരമാണ് ഭാരതത്തിന്റെ ഏറ്റവും പൗരാണികമായ സംസ്കാരം എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളെല്ലാം ചരിത്രത്തിൽ ഒരുപാട് നടന്നിട്ടുണ്ട്. എന്നാൽ പഠനങ്ങളും മറ്റും വികസിച്ചപ്പോൾ ആര്യ സംസ്കാരത്തെക്കാളെല്ലാം പൗരാണികമായ ഒരു സംസ്കാരം ഇവിടെ കഴിഞ്ഞുപോയിട്ടുണ്ട് എന്നത് തെളിവുകളുടെ അടിസ്ഥാനത്തിൽ തന്നെ വ്യക്തമായ കാര്യമാണ്. അതാണ് സിന്ധു നദീതട സംസ്കാരം. സപ്തസിന്ധുവിന്റെ സ്ഥാപകർ യഥാർഥത്തിൽ ദ്രാവിഡന്മാരായിരുന്നു. ചരിത്രത്തെ എങ്ങനെയെല്ലാം മറച്ചുവെക്കാനും കോട്ടിമാറ്റാനും ശ്രമിച്ചാലും ആര്യന്മാർ ഇന്ത്യക്ക് പുറത്തുനിന്ന് സപ്തസിന്ധുവിലേക്ക് കുടിയേറി വന്നവരാണ് എന്ന സത്യം പുറത്തുവന്നുകൊണ്ടേയിരിക്കും. വിശദമായ പഠനങ്ങൾക്ക് റാം ശരൺ ശർമയുടെ India's Ancient Past വായിച്ചാൽ മതി.

സാംസ്കാരികമായും നാഗരികമായുമെല്ലാം വളരെയധികം മുന്നിട്ട് നിന്നവരായിരുന്നു ദ്രാവിഡന്മാർ. വാസ്തുവിദ്യ, കരകൗശലം, കൃഷി, കച്ചവടം, കന്നുകാലി വളർത്തൽ, നഗരനിർമാണം തുടങ്ങി പല മേഖലകളിലും അഭൂതപൂർവമായ വളർച്ച കാഴ്ചവെച്ച് സമാധാനപരമായി ജീവിച്ച് മുന്നോട്ട് പോവുകയായിരുന്നു അവർ. എന്നാൽ സപ്തസിന്ധുവിനെ തകർത്തുകൊണ്ട് ദസ്യുക്കൾക്കിടയിലേക്ക് (ആര്യന്മാർ ദ്രാവിഡന്മാരെ കളിയാക്കി വിളിച്ച പേര്) കടന്നുവന്നവരാണ് ആര്യന്മാർ.

'കുലീനൻ' എന്ന് അർഥം വരുന്ന ആര്യൻ എന്ന പേര് അവർ തന്നെ അവരെ സ്വയം വിളിച്ചതാണ്. സങ്കുചിതത്വവും അക്രമവും മുഖമുദ്രയായി സ്വീകരിച്ച ആര്യന്മാർ ദ്രാവിഡന്മാരെ അടിമകളാക്കിവെച്ച് അവരുടെ വിശ്വാസത്തെ മുഴുവൻ കളങ്കപ്പെടുത്തി. അവരെ ഉന്മൂലന വിധേയമാക്കാൻ വേണ്ടി നിരന്തരമായി പരിശ്രമിച്ചു. 'ശക്തിയെ സത്യത്തിന്റെ മാനദണ്ഡമായി' സ്വീകരിച്ച ആര്യന്മാർ ഭരണം സ്ഥാപിക്കാനും നല്ലവരായ ദ്രാവിഡന്മാരെ നശിപ്പിക്കാനും ഏത് നീചമായ മാർഗവും സ്വീകരിക്കാം എന്ന നിലപാടുള്ളവരായിരുന്നു. മഹാഭാരതത്തിലെ ഭീഷ്മോപദേശത്തിൽ ഒരു ശ്ലോകമുണ്ട്:

'ശക്തി ശരിയെക്കാൾ ഉന്നതമാണ്. ശക്തിയിൽ നിന്നാണ് ശരി പുറപ്പെടുന്നത്. ശക്തന്മാരുടെ കൈകളിലാണ് ശരിയുടെ സ്ഥാനം. ശക്തിയുള്ളവർക്ക് ഒന്നും തന്നെ ആസാധ്യമല്ല. ശക്തന്മാർ ചെയ്യുന്നതെല്ലാം പരിശുദ്ധമാണ്' (Quoted by Henrich Zimmer: Philosophies of India P: 124).

ഇതുതന്നെയല്ലേ യഥാർഥത്തിൽ സംഘപരിവാർ ഭരണകൂടം അധികാരത്തിന്റെ ദണ്ഡ് ഉപയോഗിച്ച് എഴുപതിനായിരത്തോളം വരുന്ന പാവപ്പെട്ട ദ്വീപ് നി



## പി.കെ ഫിറോസ്

മോദി ഗവൺമെന്റ് ലക്ഷദ്വീപിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾ ആ പ്രദേശത്തെ നിവാസികളെ മാത്രം ലക്ഷ്യംവെച്ചുള്ള ഒരു അജണ്ട എന്ന നിലക്കല്ല നമ്മൾ ഈ പ്രശ്നത്തെ നോക്കിക്കാണേണ്ടത്. മറിച്ച് സംഘപരിവാർ ഭരണകൂടം അവരുടെ സ്വപ്നം സാക്ഷാത്കരിക്കാൻ വേണ്ടി രാജ്യത്തുടനീളം നടപ്പിലാക്കുന്ന അജണ്ടകളുടെ കൂട്ടത്തിലെ ഒടുവിലത്തെ ഒരു ഉദാഹരണം മാത്രമാണ് ലക്ഷദ്വീപ് എന്നാണ് ഈ വിഷയത്തിൽ നാം മനസ്സിലാക്കേണ്ടത്.

ദ്വീപ് നിവാസികളുടെ പൈതൃകത്തെയും അവരുടെ സുന്ദരമാരായ സംസ്കാരത്തെയും നശിപ്പിക്കാനാണ് ബി.ജെ.പി ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഫാസിസ്റ്റ് ശക്തികൾക്കെതിരെ ഒറ്റക്കെട്ടായി രംഗത്തുവരിക എന്ന വലിയ ഉത്തരവാദിത്തമാണ് വർത്തമാന ഇന്ത്യയിൽ നമുക്ക് ചെയ്യാനുള്ളത് എന്ന് നമുക്ക് ഓർമവേണം.

വാസികളോട് അവർ കൈകൊണ്ടിട്ടുള്ള സമീപനവും? സമാധാനത്തോടെ കഴിഞ്ഞിരുന്ന സപ്തസിന്ധുവിലെ ദ്രാവിഡന്മാരോട് ആര്യന്മാർ സ്വീകരിച്ച അതേ ക്രൂരമായ നടപടികൾ തന്നെ അഭിനവ ആര്യന്മാർ ഇന്ന് ലക്ഷദ്വീപിലെ മുസ്‌ലിം സഹോദരങ്ങളോട് സ്വീകരിക്കുന്നു എന്ന് മാത്രം.

അവരുടെ വീക്ഷണപ്രകാരം മുസ്‌ലിം ഉന്മൂലനവും മനുസ്മൃതി ഭരണഘടനയായി സ്വീകരിച്ചുകൊണ്ടുമുള്ള ഒരു ആർഷഭാരത രാഷ്ട്രം നിലവിൽ വരിക എന്നതാണ്. അതിന്റെ ഭാഗമായി അവർ സ്വീകരിക്കുന്ന വഴികൾ അവർക്ക് ഭാരതാംബയുടെ കലങ്ങിക്കിടക്കുന്ന കണ്ണിലെ കരട് എടുത്തൊഴിവാക്കുന്ന ഒരു പ്രവർത്തനം മാത്രമാണ്. പക്ഷേ, അവിടെ മരിക്കുന്നത് ഇന്ത്യയുടെ മതേതരത്വവും ബഹുസ്വരതയും മൈത്രിയുമാണ് എന്നവർ തിരിച്ചറിയുന്നില്ല.

അതുകൊണ്ട് തന്നെ 96 ശതമാനം മുസ്‌ലിംകൾ പാർക്കുന്ന ലക്ഷദ്വീപിന് മേലുള്ള ഭരണകൂടത്തിന്റെ കടന്നുകയറ്റത്തെ വെറുമൊരു ഭരണകൂട ഭീകരത എന്ന നിലക്ക് മാത്രം നോക്കിക്കണ്ടാൽ അതിനെതിരെയുള്ള നമ്മുടെ സമരം എവിടെയുമെത്താൻ പോകുന്നില്ല എന്നുറപ്പാണ്.

മറിച്ച് അതിന് പിന്നിൽ അവർക്ക് കൃത്യമായ ഒരു രാഷ്ട്രീയവും ദാർശനികമായ ഒരു അടിത്തറയുമുണ്ട് എന്ന് തിരിച്ചറിയുമ്പോൾ മാത്രമാണ് പ്രതിഷേധങ്ങൾക്ക് മൂർച്ച കൈവരിക.

അതിനാൽ സമാധാനമാഗ്രഹിക്കുന്ന, ഫാസിസത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കാൻ കഴിവുള്ള, മതേതരത്വവും ബഹുസ്വരതയും നിലനിൽക്കണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്ന ഓരോ ഇന്ത്യക്കാരനും വിശിഷ്യാ നാം കേരളീയർ ഒറ്റക്കെട്ടായി ശബ്ദമുയർത്തി ലക്ഷദ്വീപിന് വേണ്ടി, ഇന്ത്യയുടെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിന് വേണ്ടി രംഗത്തുവരിക എന്നത് അനിവാര്യമായ ഒരു കാര്യമായി മാറിയിരിക്കുകയാണ്.

അനീതിയാണ് ഇവിടുത്തെ ഭരണകൂടം മുഖമുദ്രയായി സ്വീകരിച്ചത് എങ്കിൽ ഒരു സമൂഹത്തോടുള്ള അമർഷം ഒരിക്കലും അവരോട് അനീതി പ്രവർത്തിക്കാൻ കാരണമാവരുത് എന്ന ക്വുർആനിക വചനമാകണം നമ്മെ നയിക്കേണ്ടത്.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 5:8).



## ടി.കെ അശ്റഫ്

ഭരണകൂടത്തിന്റെ അജണ്ടകളും അവരുടെ ലക്ഷ്യങ്ങളും കൃത്യമായി തിരിച്ചറിഞ്ഞെങ്കിൽ മാത്രമെ ഈ നൗക എങ്ങോട്ടാണ് ഒഴുകുന്നത് എന്ന് കൃത്യമായി മനസ്സിലാക്കാൻ നമുക്ക് കഴിയുകയുള്ളൂ. ലക്ഷദ്വീപ് വിഷയത്തെ ഒരു 'സാമുദായിക വിഷയം' മാത്രമായി കാണുന്നത് ശരിയല്ല. ഒരു സാമുദായിക വിഷയമല്ല എന്ന് പറയുന്ന രാഷ്ട്രീയ കക്ഷികൾക്കും പാർട്ടികൾക്കും പ്രസ്ഥാനങ്ങൾക്കും ഇതൊരു സാമുദായിക പ്രശ്നമല്ല എന്ന് ബോധ്യപ്പെടുത്തിക്കൊടുക്കേണ്ട വലിയ ബാധ്യതയും ഉത്തരവാദിത്തവുമുണ്ട്.

**References:**

1. Animal Farm by George Orwell.

2. https://www.madhyamam.com/ india/ centralgovernmenttryingtoimplementfascistruleinlakshadweepaishasultana 800925

3. Quoted by Henrich Zimmer: Philosophies of India P: 124

4.India's Ancient Past by Ram Sharan Sharma

5. ക്വുർആൻ 5:8

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

# പ്രവാചകനും സ്വപ്നദർശനവും

മുഹമ്മദ് നബിﷺ 22

## നബിﷺയുടെ കൗരീൻ

അബ്ദുല്ലാഹിബ്നു മസ്ഊദിؓൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: “അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: ‘നിങ്ങളിൽ ഒരാളുംതന്നെ ജിന്നുകളിൽ പെട്ട ഒരു കൂട്ടുകാരൻ അവനിൽ ഏൽപിക്കപ്പെടാത്തവനായിട്ടല്ലാതെ ഇല്ല.’ അവർ ചോദിച്ചു: ‘അല്ലാഹുവിന്റെ റസൂലേ, നിങ്ങളും (ഇല്ലേ)?’ നബിﷺ പറഞ്ഞു: ‘ഞാനും. (എന്നാൽ) അവന്റെ കാര്യത്തിൽ അല്ലാഹു എന്നെ സഹായിക്കുകയും അവൻ മുസ്‌ലിമാകുകയും ചെയ്തിരിക്കുന്നു. അവൻ എന്നോട് നന്മയല്ലാതെ കൽപിക്കുകയില്ല” (മുസ്‌ലിം).

നബിﷺയുടെ പത്നി ആഇശ رضي الله عنها അവിടുത്തെ കുറിച്ച് പറഞ്ഞു; ഒരു രാത്രി അല്ലാഹുവിന്റെ റസൂൽﷺ അവരുടെ അടുത്ത് നിന്നും പുറത്ത് പോയി. അവർ പറഞ്ഞു: "അങ്ങനെ നബിﷺക്കെതിരിൽ എനിക്ക് രോഷം ഉണ്ടായി. അങ്ങനെ നബിﷺ വന്നു, അപ്പോൾ ഞാൻ ചെയ്യുന്നത് അവിടുന്ന് കണ്ടു. അപ്പോൾ നബിﷺ ചോദിച്ചു: 'നിനക്ക് എന്തു പറ്റി?' 'ഓ, ആഇശാ! നീ ദേഷ്യപ്പെടുകയാണോ?' അപ്പോൾ ഞാൻ ചോദിച്ചു: 'എനിക്കെന്ത് പറ്റി? നിങ്ങളെ പോലുള്ളൊരാളോട് എന്നെപോലുള്ള ഒരാൾ ഈർഷ്യപ്പെടില്ലല്ലോ.' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'നിന്റെ ശയ്ത്വാൻ നിന്റെ അടുത്ത് വന്നിട്ടുണ്ടോ?' ആഇശ رضي الله عنها ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്റെ കൂടെ ശയ്ത്വാനോ?' നബിﷺ പറഞ്ഞു: 'അതെ.' ഞാൻ ചോദിച്ചു: 'എല്ലാ മനുഷ്യരുടെ കൂടെയും (പിശാച്) ഉണ്ടോ?' നബിﷺ പറഞ്ഞു: 'അതെ.' ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, നിങ്ങളുടെ കൂടെയും (ഉണ്ടോ)?' നബിﷺ പറഞ്ഞു: 'അതെ. പക്ഷേ, അവനെതിരിൽ അവൻ മുസ്‌ലിമാകുന്നോളം അല്ലാഹു എന്നെ സഹായിച്ചിരിക്കുന്നു"(മുസ്‌ലിം).

ഏതൊരാൾക്കും അല്ലാഹു ജിന്നുകളിൽപെട്ട ഒരാളെ ക്വരീനായി നിശ്ചയിക്കാതിരുന്നിട്ടില്ല. മലക്കുകളിൽ ഒരാളും ക്വരീനായി ഉണ്ട് എന്ന റിപ്പോർട്ടുകളും കാണാവുന്നതാണ്. ജിന്നുകളിൽ പെട്ട ക്വരീൻ മനുഷ്യന് തിന്മയിലേക്ക് പ്രേരണ നൽകിക്കൊണ്ടിരിക്കും. തിന്മക്ക് പ്രേരിപ്പിക്കുമെന്നത് ഹദീഥിന്റെ അവസാനത്തിൽനിന്ന് വ്യക്തമാണ്. ഈ കാര്യം നബിﷺ സ്വഹാബിമാരോട് പറയുമ്പോൾ, അവർ നബിയോട് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, നിങ്ങളിലും അങ്ങനെ ഏൽപിക്കപ്പെട്ടിട്ടുണ്ടോ?' നബിﷺ 'അതെ' എന്ന് ഉത്തരം നൽകി. എന്നാൽ നബിﷺയിൽ ഏൽപിക്കപ്പെട്ടിട്ടുള്ള ജിന്നാകുന്ന ക്വരീൻ നബിﷺയോട് തിന്മക്ക് കൽപിക്കുകയില്ല. കാരണം അവൻ മുസ്‌ലിമായിട്ടുണ്ട്. അപ്പോൾ മുസ്‌ലിം ജിന്നുകളല്ല മനുഷ്യരെ തിന്മക്ക് കൽപിക്കുന്നതെന്നും മനസ്സിലാക്കാം. 'മുസ്‌ലിമായി' എന്നും 'ഞാൻ രക്ഷപ്പെടും' എന്നും ഇവിടെ വായനയുണ്ട്. ഒന്നാമത്തെത് പ്രകാരമാണ് നാം നേരത്തെ പറഞ്ഞത്. രണ്ടാമത്തെത് പ്രകാരമായാൽ 'അവന്റെ കെടുതികളിൽനിന്നും തിന്മകളിൽനിന്നും ഫിത്‌നകളിൽ നിന്നും ഞാൻ രക്ഷപ്പെടും' എന്നാകും സാരം.

എല്ലാവരെയും തിന്മയിലേക്ക് നയിക്കാനായി ഓരോ ക്വരീനുണ്ടെന്ന് പറഞ്ഞുവല്ലോ. മഹ്ശറിൽ വരുമ്പോൾ അവൻ നമ്മെ പിഴപ്പിച്ചതിനെയെല്ലാം തള്ളിക്കളയുകയും ചെയ്യുന്നതാണ്.

"കാര്യം തീരുമാനിക്കപ്പെട്ടു കഴിഞ്ഞാൽ പിശാച് പറയുന്നതാണ്: തീർച്ചയായും അല്ലാഹു നിങ്ങളോട്ഒരു വാഗ്ദാനം ചെയ്തു; സത്യവാഗ്ദാനം. ഞാനും നിങ്ങളോട് വാഗ്ദാനം ചെയ്തു. എന്നാൽ നിങ്ങളോട് (ഞാൻ ചെയ്ത വാഗ്ദാനം) ഞാൻ ലംഘിച്ചു. എനിക്ക് നിങ്ങളുടെമേൽ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. ഞാൻ നിങ്ങളെ ക്ഷണിച്ചു. അപ്പോൾ നിങ്ങളെനിക്ക് ഉത്തരം നൽകി എന്ന് മാത്രം. ആകയാൽ, നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട, നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തുക. എനിക്ക് നിങ്ങളെ സഹായിക്കാനാവില്ല. നിങ്ങൾക്ക് എന്നെയും സഹായിക്കാനാവില്ല. മുമ്പ് നിങ്ങൾ എന്നെ പങ്കാളിയാക്കിയിരുന്നതിനെ ഞാനിതാ നിഷേധിച്ചിരിക്കുന്നു. തീർച്ചയായും അക്രമകാരികളാരോ അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്" (ക്വുർആൻ 14:22).

"അവന്റെ സഹചാരി (മലക്ക്) പറയും: ഇതാകുന്നു എന്റെ പക്കൽ തയ്യാറുള്ളത് (രേഖ). (അല്ലാഹു മലക്കുകളോട് കൽപിക്കും:) സത്യനിഷേധിയും ധിക്കാരിയുമായിട്ടുള്ള ഏതൊരുത്തനെയും നിങ്ങൾ നരകത്തിൽ ഇട്ടേക്കുക. അതായത് നന്മയെ മുടക്കുന്നവനും അതിക്രമകാരിയും സംശയാലുവുമായ ഏതൊരുത്തനെയും. അതെ, അല്ലാഹുവോടൊപ്പം വേറെ ദൈവത്തെ സ്ഥാപിച്ച ഏതൊരുവനെയും. അതിനാൽ കഠിനമായ ശിക്ഷയിൽ അവനെ നിങ്ങൾ ഇട്ടേക്കുക. അവന്റെ കൂട്ടാളി പറയും: ഞങ്ങളുടെ രക്ഷിതാവേ! ഞാനവനെ വഴിതെറ്റിച്ചിട്ടില്ല. പക്ഷേ, അവൻ വിദൂരമായ ദുർമാർഗത്തിലായിരുന്നു" (ക്വുർആൻ 50:23-27).

ഈ ആയത്തിൽ പറയുന്ന ക്വരീൻ പിശാചാണെന്ന് ഇമാം ബുഖാരി رحمه الله വ്യക്തമാക്കുന്നുണ്ട്.

വിശ്വാസ, ആചാര, അനുഷ്ഠാന, സ്വഭാവ, സംസ്‌കാര, ഇടപാടുകളിലെല്ലാം നമുക്ക് പല മോഹങ്ങളും വാഗ്ദാനം നൽകി, നമ്മെ നരകത്തിന്റെ അവകാശിയാക്കിത്തീർത്ത ക്വരീൻ എല്ലാം നിഷേധിച്ച് ഒഴിഞ്ഞുമാറുന്ന രംഗം ക്വുർആൻ ഈ സൂക്തങ്ങളിലൂടെ നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്.

എല്ലാ മനുഷ്യരെയും അവനവന്റെ ക്വരീൻ തിന്മക്ക് പ്രേരിപ്പിക്കുമ്പോൾ നബിﷺയുടെ ക്വരീനിന്റെ ഉപദ്രവത്തിൽനിന്ന് അല്ലാഹു അവിടുത്തേക്ക് പ്രത്യേക കാവൽ നൽകിയത് അവിടുത്തേക്കുള്ള പ്രത്യേകതയാണ് അറിയിക്കുന്നത്. ഇമാം നവവി رحمه الله മുകളിലെ ഹദീഥിന്റെ വിശദീകരണത്തിൽ പറയുന്നത് കാണുക:

ക്വാദി ഇയാദ് رحمه الله പറഞ്ഞു: "നീ അറിയണം, ശയ്ത്വാനിൽനിന്നും നബിﷺയുടെ ശരീരത്തിലും വിചാരങ്ങളിലും സംസാരങ്ങളിലും നബിﷺക്ക് സുരക്ഷിതത്വമുണ്ടെന്നതിൽ ഈ സമുദായം ഏകോപിച്ചിരിക്കുന്നു."

**(അവസാനിച്ചില്ല)**

ലേഖനം

റശീദ് കുട്ടമ്പൂർ
rasheedkuttambur@gmail.com



# മസ്ജിദുൽ അക്വ്സ: ചരിത്രവും വർത്തമാനവും

ഫലസ്തീൻ; തോരാത്ത കണ്ണീരിന്റെയും വറ്റാത്ത ചോരപ്പുഴകളുടെയും നാട്. കൊടിയ വഞ്ചനയുടെയും ഒരു ജനതക്കുമേൽ നടന്ന സമാനതകളില്ലാത്ത അതിക്രമത്തിന്റെയും മനം തകർക്കുന്ന ഓർമകളുടെ പ്രതീകം. മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ഗിരിപ്രഭാഷണങ്ങളും സമാധാന സമ്മേളനങ്ങളും മുടക്കമില്ലാതെ ലോകത്തു നടക്കുമ്പോഴും ഫലസ്തീനിലെ ചുട്ടുകൊല്ലപ്പെടുന്ന പിഞ്ചു പൈതങ്ങൾ അവർക്കൊന്നും ഒരു വിഷയമേ ആവുന്നില്ല. ഭീകരമായ ആ ദൃശ്യങ്ങൾക്കു മുമ്പിൽ 'കണ്ണേ മടങ്ങുക' എന്നു പറയാനല്ലാതെ നമുക്കെന്താണു കഴിയുക?

ഫലസ്തീനിൽ പീഡിപ്പിക്കപ്പെടുന്നതും നിഷ്ഠൂരമായി കൊല്ലപ്പെടുന്നതും മുസ്‌ലിംകളാണല്ലോ എന്ന് ചിന്തിച്ച് ആശ്വാസം കൊള്ളുകയും ഇസ്രായേൽ അനുകൂല ന്യായവാദങ്ങൾ നടത്തുകയും ചെയ്യുന്ന ഇസ്‌ലാം വിരോധം തലക്കുപിടിച്ചവർ അറിയേണ്ട ചില ചരിത്ര യാഥാർഥ്യങ്ങളുണ്ട്.

### അക്വ്സാ പള്ളിയും മുസ്‌ലിംകളും

മുഹമ്മദ് നബിﷺയുടെ അത്ഭുതകരമായ നിശാപ്രയാണം (ഇസ്‌റാഅ്), ആകാശാരോഹണം (മിഅ്‌റാജ്) എന്നീ സംഭവങ്ങളുമായി ഏറ്റവും ബന്ധപ്പെട്ട വിശുദ്ധഗേഹമാണ് ഫലസ്തീനിലെ ബൈത്തുൽ മുഖദ്ദസ്. വിശുദ്ധ ക്വുർആൻ 17ാം അധ്യായം ഒന്നാം വചനത്തിൽ ഇങ്ങനെ കാണാം:

"തന്റെ ദാസനെ (നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽനിന്ന് മസ്ജിദുൽ അക്വ്സായിലേക്ക് -അതിന്റെ പരിസരം നാം അനുഗൃഹീതമാക്കിയിരിക്കുന്നു- നിശായാത്ര ചെയ്യിച്ചവൻ എത്രയോ പരിശുദ്ധൻ. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന് നാം കാണിച്ചുകൊടുക്കാൻ വേണ്ടിയത്രെ അത്, തീർച്ചയായും അവൻ (അല്ലാഹു) എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ."

പുണ്യം പ്രതീക്ഷിച്ചുള്ള യാത്രക്ക് ഇസ്‌ലാം അനുമതി നൽകിയത് മൂന്ന് പള്ളികളിലേക്ക് മാത്രമാണ്. പ്രവാചകൻﷺ പറഞ്ഞു: "മൂന്ന് പള്ളികളിലേക്കല്ലാതെ പുണ്യം ആഗ്രഹിച്ചുകൊണ്ട് നിങ്ങൾ യാത്രചെയ്യരുത്. മസ്ജിദുൽ ഹറാം, മസ്ജിദുൽ അക്വ്സാ, എന്റെ ഈ പള്ളി (മസ്ജിദുന്നബവി) എന്നിവയാണവ."

മേൽപറഞ്ഞ മൂന്നു പള്ളികളിൽ മസ്ജിദുൽ ഹറാമും മസ്ജിദുൽ അക്വ്സയും മലക്കുകളുടെ സഹായത്തോടെ ആദം നബിؑ പണികഴിപ്പിച്ചതാണെന്നാണ് പ്രമാണങ്ങളിൽനിന്ന് മനസ്സിലാവുന്നത്. വിശുദ്ധ ഭവനങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട ഒരു പ്രവാചക വചനം ഇപ്രകാരമാണ്:

അബൂദർറി‌ؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഞാൻ ചോദിച്ചു: 'പ്രവാചകരേ, ഭൂമിയിൽ ആദ്യമായി പണിയപ്പെട്ട പള്ളി ഏതാണ്?' അവിടുന്ന് പറഞ്ഞു: 'മസ്ജിദുൽ ഹറാം.' ഞാൻ ചോദിച്ചു: 'പിന്നെ ഏതാണ്?' അവിടുന്ന് പറഞ്ഞു: 'മസ്ജിദുൽ അക്വ്സയാണ്.' ഞാൻ ചോദിച്ചു: 'രണ്ടിനുമിടയിലെ കാല ദൈർഘ്യം എത്രയാണ്?' പ്രവാചകൻﷺ പറഞ്ഞു: 'നാൽപതു വർഷം.'

### സിറിയ(ശാം)യുടെ മഹത്ത്വം

ഇന്നത്തെ ഫലസ്തീൻ ഉൾപ്പെടുന്ന പൗരാണിക ശാമിന് (സിറിയക്ക്) ഇസ്‌ലാമിന്റെ ചരിത്രത്തിൽ ഏറെ പ്രാധാന്യമുണ്ട്. അജ്ഞാനകാലം മുതൽ തന്നെ മക്കയിലെ അറബികൾക്ക് ഈ പ്രദേശവുമായി വ്യാപാര ബന്ധമുണ്ടായിരുന്നു. ഒട്ടനവധി പ്രവാചകന്മാരുടെ കർമഭൂമിയായിരുന്ന ആ പ്രദേശത്തെപ്പറ്റി പ്രവാചകൻﷺ ഇപ്രകാരം മൂന്ന് തവണ ആവർത്തിച്ചു പറയുകയുണ്ടായി: 'ശാമിന് മംഗളം, ശാമിന് മംഗളം, ശാമിന് മംഗളം.'

മഹാനായ ഇബ്‌റാഹിം നബിؑയുടെ ചരിത്രം വിശദീകരിച്ചുകൊണ്ട് ക്വുർആൻ 21ാം അധ്യായം 71ാം വചനത്തിൽ അല്ലാഹു പറയുന്നു: "ലോകർക്കുവേണ്ടി നാം അനുഗൃഹീതമാക്കി വെച്ചിട്ടുള്ള ഒരു ഭൂപ്രദേശത്തേക്ക് അദ്ദേഹത്തെയും ലൂത്വിനെയും നാം രക്ഷപ്പെടുത്തി കൊണ്ടുപോകുകയും ചെയ്തു."

ഇതിലെ 'അനുഗൃഹീതപ്രദേശം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ശാം (സിറിയ) ആണ്. കാരണം ഈസാ നബിؑയുടെ ആഗമനമുണ്ടാകുന്നതും ദജ്ജാൽ വധിക്കപ്പെടുന്നതുമെല്ലാം ഇവിടെയാണെന്ന് ഖത്താദ‌ؓയെ ഉദ്ധരിച്ചുകൊണ്ട് ഇബ്‌നു കഥീർ(റഹി) രേഖപ്പെടുത്തുന്നുണ്ട്; മൂസാ നബിؑയുടെ ക്വബ്ർ സ്ഥിതിചെയ്യുന്ന പ്രദേശമായി നബിﷺ പരിചയപ്പെടുത്തിയ കസീബുൽ അഹ്മർ ഉൾപ്പെടുന്ന നെബോ മലനിരകളും ഈ ഭാഗത്തുതന്നെയാണ്.

### ഫിലസ്തീനിന്റെ ചരിത്രം

ഈസാ നബിؑക്കു മുമ്പ് 12ാം നൂറ്റാണ്ടിൽ ആ പ്രദേശത്ത് താമസിച്ചിരുന്ന 'ഫിലിസ്തിയൻ' (ഫലസ്ത്യൻ) എന്ന ജനതയുടെ പേരിൽനിന്നാണ് 'ഫലസ്തീൻ' എന്ന പേര് ആ പ്രദേശ



ത്തിന് ലഭിച്ചതെന്നാണ് പ്രബലമായ അഭിപ്രായം. യഅ്ക്വൂബ് നബിﷺയുടെ മറ്റൊരു നാമമാണ് 'ഇസ്‌റാഈൽ.' അദ്ദേഹത്തിന്റെ സന്തതിപരമ്പര 'ബനൂ ഇസ്‌റാഈൽ' അഥവാ 'ഇസ്‌റാഈൽ സന്തതികൾ' എന്ന പേരിൽ അറിയപ്പെടുന്നു. ഈജിപ്തിൽ കിബ്ത്തികളുടെ അടിമത്തത്തിൻ കഴിഞ്ഞിരുന്ന ബനൂഇസ്‌റാഈൽ സമൂഹത്തെ രക്ഷപ്പെടുത്തി നേർവഴി നടത്താൻ നിയുക്തനായ മൂസാ നബിﷺ അവരെയുമായി ചെങ്കടൽ കടന്ന് യാത്ര തിരിച്ചെങ്കിലും ക്വുദ്സിൽ പ്രവേശിക്കാൻ സാധിച്ചിരുന്നില്ല. മൂസാﷺ തന്റെ ജനതയോട് കൽപിച്ച കാര്യം ക്വുർആനിൽ 5ാം അധ്യായം 21ാം വചനത്തിൽ ഇങ്ങനെ കാണാം:

"എന്റെ ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് വിധിച്ചിട്ടുള്ള പവിത്രഭൂമിയിൽ നിങ്ങൾ പ്രവേശിക്കുവിൻ. നിങ്ങൾ പിന്നോക്കം മടങ്ങരുത്. എങ്കിൽ നിങ്ങൾ നഷ്ടക്കാരായി മാറും."

എന്നാൽ അനുസരണക്കേടിന്റെ പര്യായമായ ആ ജനതയുടെ പ്രതികരണം ഇപ്രകാരമായിരുന്നു:

"അവർ പറഞ്ഞു: ഓ, മൂസാ; പരാക്രമശാലികളായ ഒരു ജനതയാണ് അവിടെയുള്ളത്. അവർ അവിടെനിന്ന് പുറത്തുപോകുന്നതുവരെ ഞങ്ങൾ അവിടെ പ്രവേശിക്കുകയില്ല" (ക്വുർആൻ 5:22).

'താങ്കളും താങ്കളുടെ റബ്ബും പോയി യുദ്ധം ചെയ്തുകൊള്ളുക, ഞങ്ങൾ ഇവിടെ ഇരിക്കുകയാണ്' എന്നാണ് അവർ ധിക്കാരപൂർവം മൂസാനബിﷺയോട് പ്രതികരിച്ചത്. സീനാ മരുഭൂമിയിൽ നാൽപതു വർഷം അന്തംവിട്ട് അലഞ്ഞു നടക്കുക എന്നതാണ് അതിന് അല്ലാഹു അവർക്ക് നൽകിയ ശിക്ഷ. നീണ്ട വർഷങ്ങൾക്കു ശേഷം യൂശഅ് പ്രവാചകന്റെ കാലത്താണ് ഫലസ്ത്യർക്കെതിരെ ഇസ്രാഈലീ പടയോട്ടം നടക്കുകയും വിജയം വരിക്കുകയും ചെയ്തത്. ത്വാലൂത്വിന്റെ നേതൃത്വത്തിൽ അവർ ഫലസ്ത്യരിലെ ജാലൂത്തിനെ തോൽപിച്ചതിലൂടെയാണ് ഇസ്രാഈല്യരുടെ അധികാരം സാധിതമായത്. പക്ഷേ, ദാവൂദ്ﷺ, അദ്ദേഹത്തിന്റെ പുത്രൻ സുലൈമാൻﷺ എന്നീ ഭരണാധികാരികൾ മൊത്തം ഏകദേശം എൺപതോളം വർഷം മാത്രമാണ് ആ നാട്ടിൽ അധികാരം കയ്യാളിയിരുന്നത്. ഇസ്രാഈല്യർ ഫലസ്തീനിൽ ഒരു നൂറ്റാണ്ടുപോലും ഭരിച്ചിട്ടില്ല എന്നർഥം.

### ഇസ്‌ലാമും ഫിലസ്തീനും

ക്രിസ്താബ്ദം 313 മുതൽ ആരംഭിച്ച പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ (ബൈസന്റിയൻ) ഭരണം എഡി 638-640 കാലഘട്ടംവരെ തുടർന്നു. അഥവാ പ്രവാചകന്റെ കാലഘട്ടത്തിൽ ഈ പ്രദേശം റോമക്കാരുടെ ആധിപത്യത്തിലായിരുന്നു. മഹാനായ ഉമറിﷺന്റെ ഭരണകാലത്ത് ഹിജ്റ18ാം വർഷമാണ് ഫിലസ്തീൻ ഉൾപെടുന്ന സിറിയ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ ഭാഗമായി ചേർക്കപ്പെട്ടത്. മഹാനായ ഉമർﷺ നേരിട്ടെത്തിയാണ് റോമക്കാരുമായി കരാറുണ്ടാക്കുകയും 560 ഓളം വർഷത്തെ റോമൻ ഭരണത്തിന് അന്ത്യം കുറിക്കുകയും ചെയ്തത്. വിശുദ്ധ നഗരിയുടെ താക്കോൽ ഏറ്റുവാങ്ങിയ ഖലീഫ അതു വരേക്കും ആരാധനാസ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ട യഹൂദർക്ക് ആരാധനാ സ്വാതന്ത്ര്യം നൽകുകയും യാതൊരു രക്തച്ചൊരിച്ചിലുമില്ലാതെ വിശുദ്ധ നഗരിയുടെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു. പ്രവാചകന്റെ ഇസ്‌റാഅ് നടക്കുകയും പൂർവപ്രവാചകന്മാർക്ക് ഇമാമായി നമസ്കാരം നിർവഹിക്കുകയും ചെയ്ത സ്ഥലം പ്രത്യേകമായി സംരക്ഷിക്കുകയും ചെയ്തു.

പ്രവാചകന്റെ ആകാശാരോഹണം നടന്ന ഭാഗമുൾപ്പെടെയുള്ള ഒരു ലക്ഷത്തി നാൽപതിനാലായിരത്തോളം ചതുരശ്രമീറ്ററുള്ള വിശാലമായ സ്ഥലമാണ് ഇന്ന് ബൈത്തുൽ മക്വ്ദിസ്. അംറുബ്നുൽ



ആസിഫ്‌നെ ഗവർണറായി നിശ്ചയിച്ചുകൊണ്ട് മദീനയിലേക്കു തിരിച്ചുപോയ ഉമറിന്റെ സമാധാനദൗത്യം ആ വിശുദ്ധഭൂമി മൂന്ന് മതവിഭാഗങ്ങളുടെ സമാധാന പൂർണമായ സഹവർത്തിത്വത്തിനാണ് വഴിതുറന്നത്. എ.ഡി 638 മുതൽ നീണ്ട 450 വർഷത്തിലേറെ ഇസ്‌ലാമിക ഭരണത്തിനു കീഴിലെ ആ സൗഹാർദാന്തരീക്ഷം ഫലസ്തീനിന്റെ മണ്ണിൽ തുടർന്നു. എന്നാൽ എ.ഡി 1099ൽ കുരിശുയുദ്ധത്തെത്തുടർന്ന് യൂറോപ്യർ ജറുസലേം കീഴടക്കി. ആ പ്രദേശം കത്തോലിക്കരുടെ നിയന്ത്രണത്തിലായി. പിന്നീട് എ.ഡി 1187ൽ സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബിയുടെ നേതൃത്വത്തിലുള്ള പടയോട്ടത്തിലൂടെ ജറുസലേം ഉൾപ്പെടെയുള്ള പ്രദേശം ജയിച്ചടക്കി മുസ്‌ലിംകളുടെ കീഴിലായിത്തീർന്നു. പിന്നീട് 1917 വരെ പ്രദേശം മുസ്‌ലിംകളുടെ ഭരണത്തിൽ തുടർന്നു. എ.ഡി 1517 മുതൽ ആരംഭിച്ച് എ.ഡി 1917 വരെയുള്ള 400 വർഷം തുർക്കിയിലെ ഉസ്മാനിയ (ഒട്ടോമൻ) ഖിലാഫത്തിന്റെ കീഴിലായിരുന്നു ഫലസ്തീൻ പ്രദേശം.

### ഫിലസ്തീനിലെ ജൂതകുടിയേറ്റം

പ്രവാചകൻ യഅ്ക്വൂബി ﷺന്റെ സന്തതിപരമ്പരയാണ് ഇസ്‌റാഈലികൾ. എല്ലാ ജൂതന്മാരും ഇസ്‌റാഈലികൾ അല്ല. ലോകത്തെ ജൂതജനസംഖ്യയിൽ 75%വും അഷ്കനാസി (Ashkenazi) വിഭാഗത്തിൽ പെട്ടവരാണ്. യൂറോപ്പിലെ വിവിധ നാടുകളിൽ ജീവിക്കുന്ന, കാലക്രമേണ ജൂതമതം സ്വീകരിച്ചവരാണ് ഈ വിഭാഗക്കാർ. ഇന്നത്തെ ഇസ്രായേലിൽ ജീവിക്കുന്ന 30%ത്തോളം പേർ ഈ വിഭാഗക്കാരാണ്. ജൂതരിലെ മറ്റൊരു വിഭാഗമാണ് മിർസാഹി (Mirzahi) വിഭാഗം. മധ്യേഷ്യയിലെ (Middle east) അറബ് വംശജരുമായി ജനിതക ബന്ധമുള്ളവരാണിവർ. അപ്പോൾ ഈ ജൂത വിഭാഗങ്ങൾക്കെല്ലാം ഫിലസ്തീൻ എങ്ങനെയാണ് ബൈബിളിലെ വാഗ്ദത്ത ഭൂമിയാവുക എന്ന ചോദ്യത്തിന് മറുപടിയില്ല.

മുസ്‌ലിം ഭരണത്തിനു കീഴിൽ എവിടെയെങ്കിലും ജൂതന്മാരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്തതായി ചരിത്രത്തിൽ തെളിവുകളില്ല. എന്നാൽ റഷ്യയിലും യൂറോപ്പിലും നടന്ന ആന്റിസെമിറ്റിസം നിലപാടുകളുടെ പേരിൽ വ്യാപകമായ വിധത്തിൽ ജൂതർ പീഡനത്തിന് വിധേയരായിരുന്നു. അതിന്റെ ഏറ്റവും തീവ്രമായ രൂപമായിരുന്നു ജർമനിയിൽ നാസികൾ അധികാരത്തിൽ വന്ന കാലത്തെ വംശശുദ്ധി വാദവും അതിനോടനുബന്ധിച്ചുണ്ടായ ജൂത വിരുദ്ധ നീക്കങ്ങളും. ജൂതരുടെ നിലനിൽപിനെ പോലും ചോദ്യം ചെയ്യുന്ന വിധം അത് വളർന്നു. ജൂതർക്കെതിരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആക്രമണങ്ങൾ നടന്നുകൊണ്ടിരുന്ന കാലത്താണ് ജൂതർക്ക് സ്വന്തമായ ഒരു രാഷ്ട്രം എന്ന ചിന്തക്ക് വിത്ത് പാകപ്പെട്ടത്. അത് അർജന്റീനയിൽ സ്ഥാപിക്കാനാണ് ആദ്യം പദ്ധതിയിട്ടിരുന്നതെങ്കിലും മധ്യേഷ്യയിലെ അറബ്‌ലോകത്ത് തീരാത്ത ഒരു പ്രതിസന്ധി സൃഷ്ടിക്കണമെന്ന പാശ്ചാത്യശക്തികളുടെ താൽപര്യവും ജൂതവിഭാഗത്തിന്റെ കുടില തന്ത്രങ്ങളുമാണ് പ്രസ്തുത രാഷ്ട്രം ഫലസ്തീനിന്റെ മണ്ണിലാവണമെന്നിടത്തേക്കെത്തിച്ചത്.

1880 ആയപ്പോഴേക്കും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഫലസ്തീനിലേക്കുള്ള ജൂതകുടിയേറ്റം ശക്തമായിത്തീർന്നു. അറബികളുടെ ആതിഥ്യമര്യാദയും പീഡിതരോടുള്ള അനുകമ്പയും അവരുടെ ലക്ഷ്യം എളുപ്പമാക്കി. പക്ഷേ, പിന്നീടത് ഒട്ടകത്തിന് കൂടാരത്തിൽ സ്ഥലം നൽകിയ അറബിയുടെ അനുഭവമായി മാറുകയാണുണ്ടായത്. ഇതോടെ ചെറിയ തോതിലുള്ള ചെറുത്തുനിൽപുകളും സംഘട്ടനങ്ങളും ആരംഭിച്ചു. സംഘമായി എത്തി ഭൂമി സ്വന്തമാക്കി അത് വളച്ചുകെട്ടി അവിടേക്ക് അറബികൾക്ക് പ്രവേശനം പോലും നിഷേധിക്കുന്ന രീതിയാണ് ജൂതർ സ്വീകരിച്ചത്. 1882ൽ റുമേനിയയിൽ നിന്ന് കുടിയേറിയ 30 ജൂതകുടുംബങ്ങൾ കനാൻ താഴ്‌വരയിലെ റോഷ്പിനയിൽ വളച്ചുകെട്ടി താമസമാക്കുകയും അവരുടെ ഒരു സെക്യൂരിറ്റി ഗാർഡിന്റെ വെടിയേറ്റ് നിരപരാധിയായ ഒരു അറബ് പൗരൻ കൊല്ലപ്പെടുകയും ചെയ്തത് കടുത്ത സംഘട്ടനത്തിലേക്ക് നയിച്ചു. എങ്കിലും കുടിയേറ്റം പൂർവോപരി ശക്തിയായി തുടർന്നു. 1897ൽ തിയോഡർ ഹെർസൻ എന്ന ആസ്ട്രിയക്കാരനായ ജേർണലിസ്റ്റ് ജർമൻ ഭാഷയിൽ Der judenstrat (the Jews state) എന്ന പേരിൽ ജൂതർക്ക് സ്വന്തമായി രാഷ്ട്രം വേണമെന്ന് വാദിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം രചിച്ചു. യൂറോപ്പിലെ ആന്റിസെമിറ്റിസത്തിന് പരിഹാരം ഫലസ്തീൻ കേന്ദ്രമായുള്ള പ്രസ്തുത രാഷ്ട്രസ്ഥാപനമാണെന്ന് അയാൾ വാദിക്കുകയും യുഹൂദരെ അതിന് പ്രേരിപ്പിക്കുകയും ചെയ്തു. ബ്രിട്ടന്റെ എല്ലാ അർഥത്തിലുമുള്ള പിന്തുണ ഈ കാര്യത്തിൽ ജൂതർക്ക് ലഭിക്കുകയും ചെയ്തു. എ.ഡി 1900 ആയപ്പോഴേക്കും ഗണ്യമായ ഭാഗം ഭൂമി ജൂതരുടെ കൈ

യിലായിത്തീർന്നു. സാധാരണ കച്ചവടത്തിൽ വിൽക്കുന്നവനും വാങ്ങുന്നവനുമാണുള്ളതെങ്കിൽ, ഇവിടെ ഫലസ്തീനിയുടെ ഭൂമി ബ്രിട്ടൻ ജൂതനു വിൽക്കുക എന്ന തികച്ചും അസാധാരണമായ കച്ചവടമാണ് നടന്നത്. ഒന്നാം ലോകമഹായുദ്ധം വന്നെത്തിയപ്പോൾ യഹൂദരുടെ പൂർണ പിന്തുണ തങ്ങൾക്ക് ഉറപ്പുവരുത്താൻ ബ്രിട്ടീഷ് കൊളോണിയലിസത്തിന് ഇത്തരം നടപടികളിലൂടെ സാധിക്കുകയും ചെയ്തു. അതായിരുന്നു അടിസ്ഥാനപരമായി അവരുടെ ലക്ഷ്യവും.

1917ൽ തുടങ്ങി 1920 ആയപ്പോഴേക്കും ഫലസ്തീൻ പൂർണമായി ബ്രിട്ടന്റെ അധീനതയിലാവുകയും ജൂതാധിനിവേശത്തിന് സർവവിധ സഹായങ്ങളും നൽകുകയും ചെയ്തു. 1947 ആയപ്പോഴേക്കും ഫലസ്തീനികൾക്ക് രൂക്ഷമായ ആക്രമണങ്ങൾ നേരിടേണ്ടിവന്നു. മണ്ണിന്റെമക്കൾ നാട്ടിൽനിന്ന് പുറത്താക്കപ്പെടാൻ തുടങ്ങി. സാധ്യമാവുന്ന ചെറുത്തുനിൽപുകൾ അവരുടെ ഭാഗത്തുനിന്നുണ്ടായിരുന്നെങ്കിലും സാമ്രാജ്യത്യ ശക്തികളുടെ മുഴുവൻ പിന്തുണയും അക്രമികളായ യഹൂദർക്കായിരുന്നു. അങ്ങനെയാണ് പ്രശ്നപരിഹാരമെന്ന പേരിൽ യു.എൻ മുൻകൈയെടുത്തത് ഫലസ്തീനിന്റെ മണ്ണ് ഫലസ്തീൻ, ഇസ്രായേൽ എന്നീ രണ്ട് രാഷ്ട്രങ്ങളായി വിഭജിക്കാൻ തീരുമാനമായത്; വിശുദ്ധ ഖുദ്സ് യു.എന്നിന്റെ മേൽനോട്ടത്തിൽ നിലനിർത്താനും. അങ്ങനെ തികച്ചും അന്യായമായി ലക്ഷക്കണക്കിന് ഫലസ്തീനികളെ സ്വന്തം മണ്ണിൽനിന്ന് ആട്ടിയോടിച്ചുകൊണ്ട് 1948 മെയ് 15ന് ഇസ്രായേൽ എന്ന ഭീകര രാഷ്ട്രം രൂപംകൊണ്ടു; അന്നും ഇന്നും മധ്യപൂർവേഷ്യയുടെ സമാധാനം കെടുത്തിക്കൊണ്ട്, ലോകസമാധാനത്തിന് ഭീഷണിയായിക്കൊണ്ട്.

ഇസ്രായേൽ തങ്ങളുടെ വാഗ്ദത്ത ഭൂമിയാണെന്നും അതുകൊണ്ട് യഹൂദർ മുഴുവൻ അങ്ങോട്ട് നിങ്ങണമെന്നും ആഹ്വാനം ചെയ്ത തിയോഡർ ഹെർസിന്റെ ആഹ്വാനത്തെ തുടർന്ന്, റിട്ടേൺ ടു സയൺ (Return to Zion) എന്ന പ്രസ്ഥാനം രൂപം കൊണ്ടത്. പൗരാണിക ജറുസലേമിലെ കുന്നുകളിൽ ഒന്നിന്റെ പേരായിരുന്നു സയൺ (ZION) എന്ന് പറയപ്പെടുന്നു. 1987ൽ സ്വിറ്റ്സർലാന്റിലെ ബാസലിനിൻ ജൂതരുടെ ഒരു സമ്മേളനം വിളിച്ചു ചേർത്തുകൊണ്ട് ഫലസ്തീനിൽ ജൂതരാഷ്ട്രം ലക്ഷ്യംവെച്ചുകൊണ്ടുള്ള മൂവ്മെന്റിന് സയണിസം എന്ന് പേരിട്ടതും തിയോഡർ ഹെർസൻ തന്നെയായിരുന്നു. അബ്രഹാം പ്രവാചകന്റെ പിൻതലമുറ തങ്ങൾ മാത്രമാണെന്നും അദ്ദേഹത്തിന്റെ പാദസ്പർശമേറ്റ മക്കയുൾപ്പെടെയുള്ള ജസീറത്തുൽ അറബ് മുഴുവനും അധീനപ്പെടുത്തുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും സയണിസ്റ്റുകൾ തുറന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു തന്നെ അതിക്രമിച്ചുകയറലും അധീനപ്പെടുത്തലും ഒരു തുടർപ്രക്രിയയാക്കിക്കൊണ്ട് മിഡിൽ ഈസ്റ്റിനെ സമാധാനമില്ലാത്ത ഒരു ഭൂപ്രദേശമാക്കി ആ ഭീകര രാഷ്ട്രം എന്നും നിലനിർത്തുമെന്നതിൽ സംശയമില്ല.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഫലസ്തീൻ പ്രദേശവും മസ്ജിദുൽ അക്സയും ഏറെ പ്രാധാന്യമുള്ളതാണ് ഹിജ്റക്കു ശേഷം 16ാമത്തെയോ 17ാമത്തെയോ മാസംവരെയും മസ്ജിദുൽ അക്സയുടെ നേരെ തിരിഞ്ഞാണ് പ്രവാചകനുംﷺ അനുയായികളും നമസ്കാരം നിർവഹിച്ചിരുന്നത്. പിന്നീട് കഅ്ബയുടെ നേരെ തിരിഞ്ഞുനിൽക്കാൻ അല്ലാഹുവിന്റെ കൽപന വന്നപ്പോഴാണ് അതിന് മാറ്റം വന്നത്. ഉമറിؓന്റെ കാലത്തുണ്ടായ ശ്രദ്ധേയമായ നിർമാണ പ്രവൃത്തികൾക്കു ശേഷം അമവീ ഖലീഫ അബ്ദുൽ മലികിന്റെ കാലത്തും ഏറെ നവീകരിക്കപ്പെട്ടു. കുരിശുയുദ്ധത്തെത്തുടർന്ന് എ.ഡി 1099ൽ ജറുസലേം പിടിച്ചെടുക്കപ്പെട്ടപ്പോൾ പള്ളിയും വിശുദ്ധ നഗരിയും അവരുടെ അധീനതയിലായി. 1187ൽ സ്വലാഹുദ്ദീൻ അയ്യൂബി അതിനെ പൂർവാവസ്ഥയിലേക്ക് തിരിച്ചുകൊണ്ടുവന്നു. ഇന്ന് പുണ്യനഗരം ജൂതരുടെ കൈവശമാണെങ്കിലും പള്ളിയുടെ അധികാരം ഫലസ്തീൻ മതകാര്യ വകുപ്പിനു കീഴിലാണ്.

## പി.എൽ.ഒയും ഹമാസും

1948ൽ ഇസ്രായേലും ഫലസ്തീനുമായി രണ്ടായി വിഭജിക്കപ്പെട്ടതിനെ തുടർന്നു നിലവിൽവന്ന ഇസ്രായേലിനെ പാലൂട്ടി വളർത്തിയ യു.എൻ അംഗരാഷ്ട്രങ്ങൾ ഫലസ്തീനിന്റെ രാഷ്ട്രീയസ്വത്വം അംഗീകരിച്ചുകൊടുക്കാൻ തയ്യാറായില്ല എന്നതാണ് ഈ വിഷയത്തിൽ ഇന്നേവരെ തുടർന്നുവന്ന ഇരട്ടത്താപ്പുനയങ്ങളിലൂടെ വ്യക്തമാക്കപ്പെട്ടത്. ജൂത കൈയേറ്റങ്ങളുടെ നേരെയുള്ള ഫലസ്തീനികളുടെ ചെറുത്തുനിൽപിന്റെ സംഘടിത രൂപമായാണ് 1964ൽ ഫലസ്തീനിന്റെ വിമോചനം (Liberation of Palestine) എന്ന ആശയവുമായി Palestine liberation organization (PLO) രൂപീകൃതമായത്. 1974ൽ PLOക്ക് യു.എൻ നിരീക്ഷക പദവി അനുവദിച്ചെങ്കിലും അംഗ രാഷ്ട്രങ്ങളിൽ പ്രമുഖ സ്ഥാനമുള്ള

അവകാശത്തെ പി.എൽ.ഒയെ കൊണ്ട് അംഗീകരിപ്പിക്കാനും യു.എന്നിനു സാധിച്ചു. പി.എൽ.ഒയുടെ നേതൃത്വം വഹിച്ചിരുന്ന യാസർ അറഫാത്തിന്റെ അന്ത്യംപോലും സംശയകരമായി മാറിയത് പിന്നീടുള്ള ചരിത്രം.

ഫലസ്തീൻ വിമോചനമെന്ന ലക്ഷ്യം മുൻനിർത്തി 1987ൽ 'ഹമാസ്' എന്ന സംഘടന രൂപീകരിക്കപ്പെട്ടു. 1990ലെ ഓസ്‌ലോ കരാർ പ്രകാരം ഗസ്സ, വെസ്റ്റ് ബാങ്ക് പ്രദേശങ്ങളിൽ ഫലസ്തീനിയൻ അതോറിറ്റിക്ക് നിയന്ത്രിത അധികാരം വകവെച്ചുകൊടുക്കപ്പെട്ടിരുന്നു. 2006ൽ നടന്ന ലെജിസ്ലേറ്റീവ് ഇലക്ഷനിൽ ഗസ്സ മുനമ്പിന്റെയും വെസ്റ്റ് ബാങ്കിന്റെയും അധികാരം ഹമാസിനു ലഭിച്ചു. 2007ൽ ഫത്താഹ് കക്ഷിയെ തോൽപിച്ചുകൊണ്ട് ഫലസ്തീൻ നേഷനൽ അതോറിറ്റിയുടെ നിയന്ത്രണം ഹമാസിന്റെ കൈയിലായി. തുടർന്ന് ഇസ്രായേൽ ഗസ്സയുടെ മേൽ സമ്പൂർണ ഉപരോധം ഏർപ്പെടുത്തി. ഇസ്രായേലിനും ഈജിപ്തിനുമിടയിൽ 40കി.മീ. നീളവും 10 കി.മീ. വീതിയുമുള്ള ഈ കൊച്ചുമുനമ്പ് രൂക്ഷമായ തൊഴിലില്ലായ്മയും പട്ടിണിയും കാരണം, ഇന്ന് ലോകത്തെ ഏറ്റവും വലിയ തുറന്ന ജയിൽ ആയി മാറിയിരിക്കുകയാണ്.

### പുതിയ ആക്രമണത്തിനു പിന്നിലെ രാഷ്ട്രീയം

ഇക്കഴിഞ്ഞ വിശുദ്ധ റമദാനിന്റെ അവസാന ദിനങ്ങളിലൊന്നിൽ മസ്ജിദുൽ അക്‌സയിൽ നമസ്‌കരിച്ചുകൊണ്ടിരുന്ന വിശ്വാസികൾക്കു നേരെ ഇസ്രായേലി പട്ടാളം, യാതൊരു പ്രകോപനവുമില്ലാതെ വെടിയുതിർത്തതാണ് പുതിയ സംഘർഷത്തിന്റെ തുടക്കം. പിന്നീടുണ്ടായ രൂക്ഷമായ ആക്രമണത്തിൽ 65 കുട്ടികളും 39 സ്ത്രീകളും അടക്കം 230 ഫലസ്തീനികൾ കൊല്ലപ്പെട്ടു എന്നാണ് ഔദ്യോഗിക കണക്ക്. 2000ത്തോളം പേർക്ക് പരിക്കേൽക്കുകയും 58000 ഫലസ്തീനികൾ പലായനം ചെയ്യുകയും ചെയ്തു. ഹമാസിന്റെ റോക്കറ്റാക്രമണത്തിൽ ഒരു കുട്ടിയടക്കം 12 പേർ കൊല്ലപ്പെട്ടതായി ഇസ്രായേൽ വെളിപ്പെടുത്തുകയുണ്ടായി. തികച്ചും ഏകപക്ഷീയമായി ഇസ്രായേൽ നടത്തിയ നരനായാട്ടിന്റെ ഫലമായി ചിതറിയ ചോരയുടെ മണം ഇന്നും മാഞ്ഞിട്ടില്ല. ഈ ആക്രമണത്തിനു പിന്നിൽ ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹുവിന്റെ ചില രാഷ്ട്രീയ മോഹങ്ങളും ഉണ്ടെന്ന് നിഷ്പക്ഷർ വിലയിരുത്തിയിട്ടുണ്ട്. ഇസ്രായേലിൽ 20% വരുന്ന അറബ് വംശജരുടെ പാർട്ടിയാണ് യുണൈറ്റഡ് അറബ് ലിസ്റ്റ് (UAL) ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വ്യക്തമായ ഭൂരിപക്ഷം നേടാൻ കഴിയാതെപോയ നെതന്യാഹുവിനെ താഴെയിറക്കണമെങ്കിൽ പ്രതിപക്ഷത്തിന് ഇവരുടെ പിന്തുണകിട്ടിയാൽ മതി. അറബ്-ഇസ്രായേലീ സംഘർഷത്തിന് മൂർച്ചകൂട്ടിയാൽ ഇങ്ങനെ ഒരു സഖ്യം യാഥാർഥ്യമാവില്ലെന്ന ബോധ്യമാണ് ഇങ്ങനെയൊരു സംഘർഷം സൃഷ്ടിച്ചെടുക്കാൻ നെതന്യാഹുവിനെ പ്രേരിപ്പിച്ചതെന്നാണ് വിലയിരുത്തപ്പെടുന്നത്. ഏതായാലും സാമ്പത്തികവും രാഷ്ട്രീയവുമായ നിരവധി പ്രതിസന്ധികൾ ആ ഭീകര രാഷ്ട്രം നേരിട്ടുകൊണ്ടിരിക്കുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

അതിശക്തമായ പ്രത്യാക്രമണത്തിന്റെയും അയൽപക്ക രാഷ്ട്രങ്ങളുടെ ശാസനയുടെയും മുമ്പിൽ തൽക്കാലം വെടിനിർത്തൽ പ്രഖ്യാപിക്കാൻ അവർ തയ്യാറായിട്ടുണ്ട്. ഒരു പക്ഷേ, ആ പിൻവാങ്ങലിനു പിന്നിലും ഗൂഢതാൽപര്യങ്ങളുണ്ടാവാം. അതാണല്ലോ അവരുടെ ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നത്. വിശുദ്ധ അക്‌സയിലേക്ക് വിശ്വാസികൾ വീണ്ടും സജീവമായി ഒഴുകിക്കൊണ്ടിരിക്കുകയാണ്. പ്രവാചകൻനിശാപ്രയാണത്തിൽ വന്നിറങ്ങിയ, പൂർവപ്രവാചകന്മാരോടൊപ്പം ഏക ഇലാഹിന് സുജൂദ് ചെയ്ത, അവിടത്തെ ആകാശാരോഹണമെന്ന അത്യത്ഭുതത്തിന് സാക്ഷിയായ മസ്ജിദുൽ അക്‌സയെന്ന പുണ്യഗേഹത്തെ അതിന്റെ നാഥൻ എന്നെന്നേക്കുമായി സംരക്ഷിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം, പ്രാർഥിക്കാം.



അൻവർ അബൂബക്കർ
manwar78vkd@gmail.com

ലേഖനം



# വിശുദ്ധ ക്വുർആൻ: അടുത്തറിയേണ്ട ഗ്രന്ഥം

അന്തിമദൂതൻ മുഹമ്മദ് നബിﷺയിലൂടെ ലോകജനതക്ക് സ്രഷ്ടാവ് അവതരിപ്പിച്ച ഗ്രന്ഥമാണ് പരിശുദ്ധ ക്വുർആൻ. അത് ആരുടെയും സൃഷ്ടിയല്ല, ലോകരക്ഷിതാവിന്റെ സംസാരമാണ്. പരമകാരുണികനായ അല്ലാഹുവിൽനിന്നും തുടങ്ങി ലോകവസാനം അത് അവനിലേക്ക് തന്നെ മടങ്ങുകയും ചെയ്യും.

ഈ ഗ്രന്ഥം മുഹമ്മദ് നബിﷺക്ക് അവതരിപ്പിച്ചതിനെക്കുറിച്ച് ക്വുർആൻ പറഞ്ഞു: "വിശ്വസ്താത്മാവ് (ജിബ്രീൽ) നിന്റെ ഹൃദയത്തിൽ അതുംകൊണ്ട് ഇറങ്ങിയിരിക്കുന്നു. നീ താക്കീതു നൽകുന്നവരുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടിയത്രെ അത്. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്)" (ക്വുർആൻ 26:193-95 ).

വാനലോകത്തുനിന്നും അല്ലാഹു ദിവ്യബോധനം നൽകുന്നതിനെ കുറിച്ച് നബിﷺ ഇപ്രകാരം പറഞ്ഞു: "അല്ലാഹു തന്റെ കൽപന ബോധനം നൽകാൻ ഉദ്ദേശിച്ചാൽ അവൻ വഹ്‌യിലൂടെ സംസാരിക്കും" (ഇബ്നു ഖുസൈമ, ഇബ്നു ജരീർ, ഇബ്നു അബീ ഹാതിം).

മറ്റൊരു ഹദീഥിൽ ഇങ്ങനെ കാണാം: 'അല്ലാഹു ഒരുകാര്യം ദിവ്യബോധനമായി അറിയിക്കാൻ ഉദ്ദേശിച്ചാൽ അവൻ അത് വഹ്‌യായി സംസാരിക്കും. അവൻ സംസാരിച്ചാൽ ആകാശം കിടിലം കൊള്ളുന്നതായിരിക്കും, അതല്ലെങ്കിൽ അല്ലാഹുവിനെ പേടിച്ച് വിറകൊള്ളുന്നതായിരിക്കും. വാനലോകത്തുള്ളവർ അത് കേൾക്കുമ്പോൾ ബോധരഹിതരാവുകയും ചെയ്യും' (ഇബ്നുഖുസൈമ, ഇബ്നു അബീ ഹാതിം).

അല്ലാഹുവിന്റെ സംസാരത്തെക്കുറിച്ചും ദിവ്യബോധനത്തെക്കുറിച്ചുമാണ് മുകളിൽ പ്രതിപാദിക്കപ്പെട്ടത്. അവന് അനുയോജ്യമായ വിധത്തിലും യഥാർഥത്തിലുള്ളതുമായ അവന്റെ ഒരു വിശേഷണത്തിൽ പെട്ടതാണ് അവന്റെ ഈ സംസാരം. അവന്റെ ഉദ്ദേശ്യമനുസരിച്ച് അതിന്ന് അക്ഷരങ്ങളും കേൾക്കപ്പെടുന്ന ശബ്ദവുമുണ്ടായിരിക്കും. ഇതാണ് സ്രഷ്ടാവിന്റെ സംസാരമെന്ന വിശേഷണത്തെക്കുറിച്ചുള്ള മതസംബന്ധിയായ വിശ്വാസം. ക്വുർആനിക സൂക്തങ്ങൾ അല്ലാഹു യഥാർഥത്തിൽ സംസാരിച്ച വചനങ്ങളാകയാൽ അത് സൃഷ്ടിയാണെന്ന്



പറയാവതല്ല. പ്രമുഖ പണ്ഡിതനായ അംറുബ്നു ദീനാർ(റഹി) ഒരിക്കൽ പറയുകയുണ്ടായി: 'അല്ലാഹു സ്രഷ്ടാവും അവനല്ലാത്ത ക്വുർആനൊഴിച്ച് ബാക്കിയുള്ളവയെല്ലാം സൃഷ്ടിയുമാണെന്ന് എഴുപത് വർഷമായി ജനങ്ങൾ പറയുന്നതായി ഞാൻ കേട്ടുവരുന്നു. ക്വുർആൻ സൃഷ്ടിയല്ല; അത് അല്ലാഹുവിന്റെ സംസാരമാകുന്നു. അത് അവനിൽനിന്ന് തുടങ്ങി അവനിലേക്കുതന്നെ മടങ്ങുകയും ചെയ്യും' (മജ്മൂഉൽ ഫതാവാ, ഇബ്നുതൈമിയ്യ 1/248).

'ജനങ്ങൾ ക്വുർആനനുസരിച്ച് പ്രവർത്തിക്കാതാവുകയും അതിനെ അവഗണിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ഒരു ആദരവെന്നോളമായിരിക്കും അത് ജനങ്ങളിൽനിന്നും ഉയർത്തപ്പെടുക' (സിൽസിലതുസ്സ്വഹീഹ, നമ്പർ 87; ഇബ്നുമാജ: 4049).

ക്വുർആൻ അവഗണിക്കപ്പെടാതെ, ജനങ്ങൾ ഉപയോഗപ്പെടുത്തേണ്ട ഗ്രന്ഥമാണെന്നാണ് ഇതെല്ലാം അറിയിക്കുന്നത്. അല്ലാഹു ഈ ഗ്രന്ഥത്തെക്കുറിച്ച് പറഞ്ഞു:

"സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ക്വുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു" (ക്വുർആൻ 17: 82).

"ആവർത്തിച്ച് മഴപെയ്യിക്കുന്ന ആകാശമാണ് സത്യം. സസ്യലതാദികൾ മുളപ്പിക്കുന്ന ഭൂമിയാണ് സത്യം. തീർച്ചയായും ഇതു നിർണായകമായ ഒരു വാക്കാകുന്നു. ഇതു തമാശയല്ല" (ക്വുർആൻ 86: 11-14).

"ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ചു കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (ക്വുർആൻ 7:204).

"ഇതാകട്ടെ നാം അവതരിപ്പിച്ച നന്മ നിറഞ്ഞ ഗ്രന്ഥമത്രെ. അതിനെ നിങ്ങൾ പിൻപറ്റുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിക്കും" (ക്വുർആൻ 6:155).

മുഹമ്മദ് നബിﷺ ക്വുർആനിനെ സംബന്ധിച്ചു പറഞ്ഞു: "തീർച്ചയായും അല്ലാഹു ഈ ഗ്രന്ഥം കൊണ്ട് ഒരു വിഭാഗത്തെ ഉയർത്തുകയും മറ്റൊരു വിഭാഗത്തെ താഴ്ത്തുകയും ചെയ്യും" (മുസ്ലിം).

"നിങ്ങളിൽ ഉത്തമർ ക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ്" (ബുഖാരി).

'നിശ്ചയം, അല്ലാഹുവിന് ജനങ്ങളിൽനിന്ന് ചില സ്വന്തക്കാരുണ്ട്.' ചോദിക്കപ്പെട്ടു: 'അല്ലാഹുവിന്റെ തിരുദൂതരേ, ആരാണവർ?' പ്രവാചകൻﷺ പറഞ്ഞു: 'ക്വുർആനിന്റെ ആളുകളാണ് അല്ലാഹുവിന്റെ സ്വന്തക്കാരും പ്രത്യേകക്കാരും' (സുനനുത്തുർമുദി. അൽബാനി(റഹി) സ്വഹീഹെന്ന് വിശേഷിപ്പിച്ച ഹദീഥ്).

"വല്ലവനും ക്വുർആൻ പാരായണം ചെയ്യുകയും പഠിക്കുകയും അതുകൊണ്ട് കർമമനുഷ്ഠിക്കുകയും ചെയ്താൽ അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് അന്ത്യനാളിൽ പ്രകാശത്താലുള്ള ഒരു കിരീടം ധരിപ്പിക്കപ്പെടും. പ്രസ്തുത കിരീടത്തിന്റെ പ്രകാശം സൂര്യപ്രകാശത്തെ പോലെയായിരിക്കും. അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് അന്ത്യനാളിൽ രണ്ട് ഉടയാടകൾ ധരിപ്പിക്കപ്പെടും. പ്രസ്തുത ഉടയാടകൾക്ക് ദുൻയാവ് കിടയൊക്കുകയില്ല. അപ്പോൾ അവർ ചോദിക്കും: 'ഞങ്ങൾ എന്ത് കാരണത്താലാണ് ഈ വസ്ത്രം ധരിപ്പിക്കപ്പെട്ടത്?' പറയപ്പെടും: 'നിങ്ങൾ രണ്ട് പേരുടെയും സന്തതി ക്വുർആൻ പഠിച്ചതിനാൽ" (മുസ്തദ്റകു ഹാകിം. അൽബാനി(റഹി) സ്വഹീഹുൻലിഗയ്രിഹി എന്ന് വിശേഷിപ്പിച്ച ഹദീഥ്).

ക്വുർആനിന്റെ വക്താവിനോട് പറയപ്പെടും: 'താങ്കൾ ഓതുക, എന്നിട്ട് (സ്വർഗീയ ഉന്നതിയിലേക്ക്) കയറുക. ദുൻയാവിൽ പാരായണം ചെയ്തിരുന്നതുപോലെ പാരായണം ചെയ്യുക; താങ്കൾ ഓതുന്ന അവസാനത്തെ ആയത്തിന്റെ അടുത്തായിരിക്കും താങ്കളുടെ (സ്വർഗീയ) സ്ഥാനം" (സുനനുത്തുർമുദി. അൽബാനി ഹസനുൻസ്വഹീഹെന്ന് വിശേഷിപ്പിച്ച ഹദീഥ്).

ക്വുർആനിനെ സംബന്ധിച്ച് അല്ലാഹുവും അവന്റെ പ്രവാചകനും അറിയിച്ചുതന്ന ധാരാളം സവിശേഷതകൾ ഇതുപോലെ കാണുവാൻ സാധിക്കും. ഈ ഗ്രന്ഥത്തിലെ വിജ്ഞാനം സമ്പാദിക്കാൻ ശ്രമിക്കുന്തോറും അതിന്റെ ദൈവികത ബോധ്യപ്പെടുകയും അതിന്റെ മാധുര്യം അനുഭവവേദ്യമാവുകയും ചെയ്യും. അതാകട്ടെ മനുഷ്യന് മരണാന്തരം പ്രവേശിക്കാനാശിക്കുന്ന സ്വർഗപ്പൂങ്കാവനത്തിലേക്കുള്ള വഴി എളുപ്പമാക്കുന്നതുമാണ്.

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com





# ജൂതന്മാർ
# ക്വുർആൻ നൽകുന്ന ചരിത്രപാഠങ്ങൾ

2

### അല്ലാഹുവിനെ തെറ്റായി വിശേഷിപ്പിച്ചവർ

ജൂതന്മാർ തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച്, വേദഗ്രന്ഥങ്ങൾ പഠിപ്പിക്കാത്ത രൂപത്തിൽ അല്ലാഹുവിനെ തെറ്റായി വിശേഷിപ്പിച്ചവരാണ്. അല്ലാഹു പറയുന്നു:

"അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ് എന്ന് യഹൂദൻമാർ പറഞ്ഞു. അവരുടെ കൈകൾ ബന്ധിതമാകട്ടെ. അവർ പറഞ്ഞ വാക്ക് കാരണം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല, അവന്റെ ഇരുകൈകളും നിവർത്തപ്പെട്ടവയാകുന്നു. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു. നിനക്ക് നിന്റെ രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ട സന്ദേശം അവരിൽ അധി

കപേർക്കും ധിക്കാരവും അവിശ്വാസവും വർധിപ്പിക്കുകതന്നെ ചെയ്യും. അവർക്കിടയിൽ ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ ശത്രുതയും വിദ്വേഷവും നാം ഇട്ടുകൊടുത്തിരിക്കുകയാണ്. അവർ യുദ്ധത്തിന് തീ കൊളുത്തുമ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളയുന്നു. അവർ നാട്ടിൽ കുഴപ്പമുണ്ടാക്കുവാൻ വേണ്ടി ശ്രമിക്കുകയാണ്. കുഴപ്പക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (ക്വുർആൻ 5: 64).

## പ്രവാചകൻമാരെ വധിച്ചവർ

അവരുടെ ഇംഗിതങ്ങൾക്കും വിശ്വാസത്തിനും എതിരായ പല പ്രവാചകരെയും അവർ കളവാക്കുകയും വധിക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

"ഇസ്‌റാഈൽ സന്തതികളോട് നാം കരാർ വാങ്ങുകയും അവരിലേക്ക് നാം ദൂതൻമാരെ അയക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ മനസ്സിന് പിടിക്കാത്ത കാര്യങ്ങളുമായി അവരുടെ അടുത്ത് ഏതെങ്കിലുമൊരു ദൂതൻ ചെന്നപ്പോളൊക്കെ ദൂതൻമാരിൽ ഒരു വിഭാഗത്തെ അവർ നിഷേധിച്ച് തള്ളുകയും മറ്റൊരു വിഭാഗത്തെ അവർ കൊലപ്പെടുത്തുകയുമാണ് ചെയ്തത്" (ക്വുർആൻ 5:70).

"എന്നിട്ട് അവർ കരാർ ലംഘിച്ചതിനാലും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചതിനാലും അന്യായമായി പ്രവാചകൻമാരെ കൊലപ്പെടുത്തിയതിനാലും തങ്ങളുടെ മനസ്സുകൾ അടഞ്ഞുകിടക്കുകയാണ് എന്ന് അവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). തന്നെയുമല്ല, അവരുടെ സത്യനിഷേധം കാരണമായി അല്ലാഹു ആ മനസ്സുകളുടെ മേൽ മുദ്രകുത്തിയിരിക്കുകയാണ്. ആകയാൽ ചുരുക്കത്തിലല്ലാതെ അവർ വിശ്വസിക്കുകയില്ല" (ക്വുർആൻ 4:155).

## വേദഗ്രന്ഥങ്ങളെ നിഷേധിക്കുന്നവർ

വേദഗ്രന്ഥങ്ങളെ അവഗണിക്കുകയും നിഷേധിക്കുകയും ചെയ്യുന്നത് അവരുടെ സ്വഭാവമായിരുന്നു. അല്ലാഹു പറയുന്നത് കാണുക:

"ഒരു മനുഷ്യന്നും അല്ലാഹു യാതൊന്നും അവതരിപ്പിച്ചുകൊടുത്തിട്ടില്ല എന്നു പറഞ്ഞ സന്ദർഭത്തിൽ അല്ലാഹുവെ വിലയിരുത്തേണ്ട മുറപ്രകാരം വിലയിരുത്താതിരിക്കുകയാണ് അവർ ചെയ്തത്. പറയുക: എന്നാൽ സത്യപ്രകാശമായിക്കൊണ്ടും മനുഷ്യർക്ക് മാർഗദർശകമായിക്കൊണ്ടും മൂസാ കൊണ്ടുവന്ന ഗ്രന്ഥം ആരാണ് അവതരിപ്പിച്ചത്? നിങ്ങൾ അതിനെ കടലാസുതുണ്ടുകളാക്കി ചിലഭാഗങ്ങൾ വെളിപ്പെടുത്തുകയും (മറ്റു) പലതും ഒളിച്ചുവെക്കുകയും ചെയ്യുന്നുണ്ടല്ലോ. നിങ്ങൾക്കോ നിങ്ങളുടെ പിതാക്കൻമാർക്കോ അറിവില്ലാതിരുന്ന പലതും (ആ ഗ്രന്ഥത്തിലൂടെ) നിങ്ങൾ പഠിപ്പിക്കപ്പെട്ടിട്ടുമുണ്ട്. അല്ലാഹുവാണ് (അത് അവതരിപ്പിച്ചത്) എന്ന് പറയുക. പിന്നീട് അവരുടെ കുതർക്കങ്ങളുമായി വിളയാടുവാൻ അവരെ വിട്ടേക്കുക" (ക്വുർആൻ 6:91).

## വേദഗ്രന്ഥങ്ങൾ തിരുത്തി

വേദഗ്രന്ഥങ്ങൾ സ്വാർഥ താൽപര്യങ്ങൾക്കായി തിരുത്തുവാനും വളച്ചൊടിക്കുവാനും ഇക്കൂട്ടർ മടികാണിച്ചില്ല. അല്ലാഹു പറയുന്നു:

"എന്നാൽ സ്വന്തം കൈകൾകൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം. അത് മുഖേന വിലകുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു (അവരിത് ചെയ്യുന്നത്). അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം" (ക്വുർആൻ 2:79).

"വേദഗ്രന്ഥത്തിലെ വാചകശൈലികൾ വളച്ചൊടിക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. അത് വേദഗ്രന്ഥത്തിൽ പെട്ടതാണെന്ന് നിങ്ങൾ ധരിക്കുവാൻ വേണ്ടിയാണത്. അത് വേദഗ്രന്ഥത്തിലുള്ളതല്ല. അവർ പറയും; അത് അല്ലാഹുവിന്റെ പക്കൽനിന്നുള്ളതാണെന്ന്. എന്നാൽ അത് അല്ലാഹുവിങ്കൽ നിന്നുള്ളതല്ല. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയാണ്" (ക്വുർആൻ 3:78).



### മുഹമ്മദ്നബിﷺയെ അംഗീകരിച്ചില്ല

അവർക്ക് നൽകിയ വേദഗ്രന്ഥങ്ങളിൽ സുവ്യക്തമായ അടയാളങ്ങളുമായി കടന്നുവന്ന മുഹമ്മദ് നബിﷺയെ വ്യക്തമായി മനസ്സിലായിട്ടും അവർ നിഷേധിക്കുകയാണ് ചെയ്തത്. ക്വുർആൻ പറയുന്നത് കാണുക:

"നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ സ്വന്തം മക്കളെ അറിയുന്നത് പോലെ അത് അറിയുന്നുണ്ട്. സ്വദേഹങ്ങളെ നഷ്ടത്തിലാക്കിയവരത്രെ അവർ. അതിനാൽ അവർ വിശ്വസിക്കുകയില്ല" (ക്വുർആൻ 6:20).

"നാം വേദം നൽകിയിട്ടുള്ളവർക്ക് സ്വന്തം മക്കളെ അറിയാവുന്നത് പോലെ അദ്ദേഹത്തെ (റസൂലിനെ) അറിയാവുന്നതാണ്. തീർച്ചയായും അവരിൽ ഒരു വിഭാഗം അറിഞ്ഞുകൊണ്ട് തന്നെ സത്യം മറച്ചുവെക്കുകയാകുന്നു" (ക്വുർആൻ 2: 146).

### മലക്കുകളിൽ അവിശ്വസിച്ചു

"ആർക്കെങ്കിലും അല്ലാഹുവോടും അവന്റെ മലക്കുകളോടും അവന്റെ ദൂതൻമാരോടും ജിബ്‌രീലിനോടും മീകാഈലിനോടുമെല്ലാം ശത്രുതയാണെങ്കിൽ ആ നിഷേധികളുടെ ശത്രുതന്നെയാകുന്നു അല്ലാഹു" (ക്വുർആൻ 2:98).



### ദൃഷ്ടാന്തങ്ങൾ കണ്ടിട്ടും മനസ്സുമാറാത്തവർ

ഇസ്‌റാഈൽ സന്തതികളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനെയും അവർ കളവാക്കുകയും നിഷേധിക്കുകയും ചെയ്തു. ആ പ്രവാചകൻ വ്യക്തമായ മുഅ്ജിസത്ത് കാണിച്ചുകൊടുത്തത് അവരുടെ നഗ്നനേത്രങ്ങൾകൊണ്ട് ദർശിച്ചിട്ടും അനുഭവിച്ചിട്ടും, അദ്ദേഹത്തെയും അവർ തള്ളിക്കളഞ്ഞു. അത് ക്വുർആനിൽ ഇപ്രകാരം കാണാം:

"ഇസ്‌റാഈൽ സന്തതികളിലേക്ക് (അവനെ) ദൂതനായി നിയോഗിക്കുകയും ചെയ്യും. (അവൻ അവരോട് പറയും:) നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ദൃഷ്ടാന്തവുംകൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. പക്ഷിയുടെ ആകൃതിയിൽ ഒരു കളിമൺ രൂപം നിങ്ങൾക്കുവേണ്ടി ഞാൻ ഉണ്ടാക്കുകയും എന്നിട്ട് ഞാനതിൽ ഊതുമ്പോൾ അല്ലാഹുവിന്റെ അനുവാദപ്രകാരം അതൊരു പക്ഷിയായി തീരുകയും ചെയ്യും. അല്ലാഹുവിന്റെ അനുവാദപ്രകാരം ജന്മനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും ഞാൻ സുഖപ്പെടുത്തുകയും മരിച്ചവരെ ഞാൻ ജീവിപ്പിക്കുകയും ചെയ്യും. നിങ്ങൾ തിന്നുതിനെപ്പറ്റിയും നിങ്ങൾ നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചുവെക്കുന്നതിനെപ്പറ്റിയും ഞാൻ നിങ്ങൾക്ക് പറഞ്ഞറിയിച്ചു തരികയും ചെയ്യും. തീർച്ചയായും അതിൽ നിങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്; നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ" (ക്വുർആൻ 3:49).

### ന്യൂനപക്ഷം മാത്രം പിൻപറ്റി

"അല്ലാഹുവെയല്ലാതെ നിങ്ങൾ ആരാധിക്കരുത്; മാതാപിതാക്കൾക്കും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും നന്മ ചെയ്യണം; ജനങ്ങളോട് നല്ല വാക്ക് പറയണം; പ്രാർഥന മുറ പ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യണം എന്നെല്ലാം നാം ഇസ്‌റാഈല്യരോട് കരാർ വാങ്ങിയ സന്ദർഭം (ഓർക്കുക). (എന്നാൽ ഇസ്‌റാഈൽ സന്തതികളേ,) പിന്നീട് നിങ്ങളിൽ കുറച്ച് പേരൊഴികെ മറ്റെല്ലാവരും വിമുഖതയോടെ പിൻമാറിക്കളയുകയാണ് ചെയ്തത്" (ക്വുർആൻ 2:83).

### പരലോകത്തെക്കുറിച്ച് അവർ പറയുന്നത്

അവരുടെ മറ്റൊരു പിഴച്ചവാദമായിരുന്നു പരലോകത്ത് ജൂത-ക്രൈസ്തവർക്കാണ് രക്ഷ ലഭിക്കുകയെന്നത്. എന്നാൽ അതിന് ക്വുർആൻ നൽകുന്ന മറുപടി കാണുക: "(ആർക്കെങ്കിലും) സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ യഹൂദരോ ക്രിസ്ത്യാനികളോ ആവാതെ പറ്റില്ലെന്നാണ് അവർ പറയുന്നത്. അതൊക്കെ അവരുടെ വ്യാമോഹങ്ങളത്രെ. എന്നാൽ (നബിയേ,) പറയുക; നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതിന്ന്) നിങ്ങൾക്ക് കിട്ടിയ തെളിവ് കൊണ്ടുവരൂ എന്ന്." (ക്വുർആൻ 2:111).

**(അവസാനിച്ചില്ല)**





ശമീർ മദീനി
shameermadeeni@gmail.com

69 വിവർത്തനം

# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

8

### സ്വീകരിക്കപ്പെടുന്ന കർമങ്ങൾ രണ്ടുവിധമുണ്ട്:

1) നമസ്കാരവും മറ്റു സൽകർമങ്ങളുമൊക്കെ അനുഷ്ഠിക്കുമ്പോൾ അയാളുടെ ഹൃദയം അല്ലാഹുവുമായി ബന്ധപ്പെട്ടിരിക്കുകയും നിരന്തരമായി അല്ലാഹുവിനെ കുറിച്ചുള്ള ബോധത്തിലും സ്മരണയിലും (ദിക്ർ) ആയിരിക്കുകയും ചെയ്യും. ഈ അടിമയുടെ കർമങ്ങൾ അല്ലാഹുവിങ്കൽ പ്രദർശിപ്പിക്കപ്പെടുകയും അവന്റെ നേരെ നിൽക്കുകയും അല്ലാഹു അതിലേക്ക് (കാരുണ്യത്തിന്റെ തിരുനോട്ടം) നോക്കുകയും ചെയ്യും. അങ്ങനെ അല്ലാഹു അതിലേക്ക് നോക്കിയാൽ അത് അവന്റ 'വജ്ഹ്' ഉദ്ദേശിച്ചുകൊണ്ട് നിഷ്കളങ്കമായി ചെയ്തതാണെന്നും ഒരു നിഷ്കളങ്കനും അല്ലാഹുവിനെ സ്നേഹിക്കുന്നവനും അവനിലേക്ക് സാമീപ്യം ആഗ്രഹിക്കുകയും ചെയ്യുന്നവന്റെ നല്ല ഹൃദയത്തിൽ നിന്നുണ്ടായതാണെന്നും അല്ലാഹു കാണും. അല്ലാഹു അതിനെ ഇഷ്ടപ്പെടുകയും തൃപ്തി രേഖപ്പെടുത്തുകയും സ്വീകരിക്കുകയും ചെയ്യും.

2. രണ്ടാമത്തെ ഇനം ഒരാൾ സൽകർമങ്ങളും ആരാധനകളും കേവലമായ പതിവുകളെന്ന നിലയിലും അശ്രദ്ധയിലും ചെയ്യുന്ന രീതിയാണ്. അയാൾ അതിലൂടെ അല്ലാഹുവിന് വഴിപ്പെടലും അവനിലേക്കുള്ള സാമീപ്യവുമൊക്കെ ആഗ്രഹിക്കുന്നുണ്ട്. അയാളുടെ അവയവങ്ങൾ അതിൽ വ്യാപൃതമാണ്. എന്നാൽ ഹൃദയമാകട്ടെ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയിൽ നിന്നും (ദിക്ർ) അശ്രദ്ധമാണ്. നമസ്കാരത്തിന്റെ മാത്രമല്ല, അയാളുടെ മറ്റു കർമങ്ങളുടെയും സ്ഥിതി ഇതുപോലെ തന്നെയാണ്. ഇയാളുടെ കർമങ്ങൾ അല്ലാഹുവിലേക്ക് ഉയർത്തപ്പെട്ടാൽ അവ അവന്റെ നേരെ നിൽക്കുകയില്ല. അല്ലാഹുവിന്റെ കാരുണ്യത്താലുള്ള തിരുനോട്ടം അതിനു ലഭിക്കുകയില്ല. മറിച്ച് കർമങ്ങളുടെ ഏടുകൾ വെക്കുന്നത് പോലെ അത് ഒരിടത്ത് വെക്കപ്പെടും. എന്നിട്ടു അന്ത്യനാളിൽ അത് കൊണ്ടുവരികയും വേർതിരിക്കപ്പെടുകയും ചെയ്യും. അതിൽനിന്ന് അല്ലാഹുവിനായി ചെയ്തതിനു പ്രതിഫലം നൽകുകയും അവന്റെ പ്രീതി കാംക്ഷിക്കാതെ ചെയ്തവ തിരസ്കരിക്കപ്പെടുകയും ചെയ്യും.

ഇദ്ദേഹത്തിന്റെ കർമങ്ങളെ സ്വീകരിച്ചത് അല്ലാഹുവിന്റെ സൃഷ്ടികളിൽപ്പെട്ട സ്വർഗീയ കൊട്ടാരങ്ങൾ, അന്നപാനീയങ്ങൾ, ഹൂറികൾ മുതലായവ നൽകിക്കൊണ്ടാണെങ്കിൽ; ആദ്യത്തെ ആൾക്കുള്ള പ്രതിഫലം നൽകുക അല്ലാഹുവിന്റെ തൃപ്തിയും ആ കർമത്തെയും കർമം ചെയ്തയാളെയും അല്ലാഹു സ്നേഹിക്കുകയും തന്നിലേക്ക് അടുപ്പിക്കുകയും അദ്ദേഹത്തിന്റെ പദവിയും സ്ഥാനവും ഉയർത്തുകയുമൊക്കെ ചെയ്തുകൊണ്ടായിരിക്കും. അദ്ദേഹത്തിനു കണക്കറ്റ പാരിതോഷികങ്ങൾ അല്ലാഹു നൽകും. ഇത് ഒന്നാണെങ്കിൽ മറ്റേത് വേറെയൊന്നാണ്.

മനുഷ്യർ നമസ്കാരത്തിന്റെ കാര്യത്തിൽ അഞ്ചു പദവികളിലാണ്:

1) സ്വന്തത്തോട് അന്യായം പ്രവർത്തിച്ച, കർമങ്ങളിൽ വീഴ്ചവരുത്തിയവന്റെത്. അതായത് വുദൂഇലും നമസ്കാരസമയത്തിലും അതിന്റെ നിയമ നിർദേശങ്ങളുടെ അതിർവരമ്പുകളിലും പ്രധാന കർമങ്ങളിലുമൊക്കെ വേണ്ടത്ര സൂക്ഷ്മതയില്ലാതെ വീഴ്ച വരുത്തിയവർ.

2) നമസ്കാരത്തിന്റെ സമയം, അതിന്റെ നിയമ നിർദേശങ്ങളിലും അതിർവരമ്പുകളിലും അതിന്റെ ബഹ്യമായകർമങ്ങളിലും വുദൂഇലുമൊക്കെ ശ്രദ്ധിക്കുകയും ദേഹച്ഛകളെയും ദുർബോധനങ്ങളെയും പ്രതിരോധിച്ച് അതിജയിക്കാൻ സാധിക്കാതെ മറ്റു ചിന്തകളുടെയും വസ്വാസുകളുടെയും പിന്നാലെ പോയവർ. അഥവാ പ്രസ്തുത 'ജിഹാദിൽ' വീഴ്ച വരുത്തിയവർ.

3) നമസ്കാരത്തിന്റെ കർമങ്ങളിലും അവയുടെ അതിർവരമ്പുകളിലുമെല്ലാം സൂക്ഷ്മത പാലിച്ചും ശ്രദ്ധപുലർത്തിയും 'വസ്വാസു'കളെയും മറ്റു ചിന്തകളെയും പ്രതിരോധിച്ചും തന്റെ ശത്രുവുമായുള്ള പോരാട്ടത്തിൽ വ്യാപൃതനായി, തന്റെ ആരാധനയുടെ യാതൊന്നും ആ ശത്രു അപഹരിച്ചു കൊണ്ടുപോകാതിരിക്കാനായി പാടുപെടുന്നവർ. അവർ നമസ്കാരത്തിലും അതോടൊപ്പം പോരാട്ടത്തിലുമാണ്.

4) നമസ്കരിക്കാൻ നിന്നാൽ അതിന്റെ ബാധ്യതകളും അതിന്റെ കർമങ്ങളും അതിർവരമ്പുകളുമൊക്കെ ശ്രദ്ധിച്ചു പൂർത്തികരിച്ചു നിർവഹിക്കുകയും തന്റെ ഹൃദയം ആരാധനയുടെ ബാധ്യതകളും അതിർവരമ്പുകളും ശ്രദ്ധിക്കുന്നതിൽ പൂർണമായി മുഴുകുകയും അതിൽനിന്ന് യാതൊന്നും പാഴായിപ്പോകാതിരിക്കാൻ ബദ്ധശ്രദ്ധ കാണിക്കുകയും ചെയ്യുന്നവർ. അവരുടെ മുഖ്യമായ ശ്രദ്ധ പ്രസ്തുത ഇബാദത്ത് ഏറ്റവും പരിപൂർണമായി എങ്ങനെ നിർവഹിക്കാമെന്നതിലാണ്. നമസ്കാരത്തിന്റ ഗൗരവവും റബ്ബിനോടുള്ള കീഴ്പെടലിന്റെ മഹത്ത്വവുമൊക്കെയാണ് അവരുടെ ഹൃദയം നിറയെ ഉള്ളത്.



5) നമസ്കരിക്കാൻ നിന്നാൽ മേൽപറഞ്ഞത് പോലെ നിൽക്കുകയും അതോടൊപ്പം തന്റെ ഹൃദയത്തെ എടുത്ത് റബ്ബിന് മുമ്പിൽ പൂർണമായി സമർപ്പിച്ചുകൊണ്ട് തന്റെ ഹൃദയത്തിലൂടെ റബ്ബിനെ നോക്കിയും അവനെ ശ്രദ്ധിച്ചും സൂക്ഷിച്ചും അവനോടുള്ള സ്നേഹ ബഹുമാനാദരുവുകളാൽ ഹൃദയം നിറച്ചും റബ്ബിനെ നേരിട്ട് കാണുകയും സംസാരിക്കുകയും ചെയ്യുന്നവനെപ്പോലെ നമസ്ക്കരിക്കുന്നവർ. മനസ്സിന്റെ ദുഷ് പ്രേരണകളും മറ്റു തോന്നലുകളും ചിന്തകളുമൊക്കെ അവരിൽ നിന്ന് ഓടിയൊളിക്കും. അവർക്കും പടച്ച റബ്ബിനുമിടയിലുള്ള മറകളെല്ലാം നീങ്ങിപ്പോയതുപോലെയുണ്ടാകും. ഇവരും മറ്റുള്ളവരും തമ്മിൽ നമസ്കാരത്തിന്റെ കാര്യത്തിലുള്ള അന്തരം ആകാശഭൂമികളെക്കാൾ വലുതായിരിക്കും. ഇവർ തങ്ങളുടെ നമസ്കാരങ്ങളിൽ പടച്ചറബ്ബുമായി വ്യാപൃതരാവുകയും നമസ്കാരത്തിലൂടെ കൺകുളിർമ അനുഭവിക്കുകയും ചെയ്യുന്നവരാണ്.

“നമസ്കരിക്കാൻ നിന്നാൽ തന്റെ ഹൃദയത്തെ എടുത്ത് റബ്ബിന് മുമ്പിൽ പൂർണമായി സമർപ്പിച്ചുകൊണ്ട് തന്റെ ഹൃദയത്തിലൂടെ റബ്ബിനെ നോക്കിയും അവനെ ശ്രദ്ധിച്ചും സൂക്ഷിച്ചും അവനോടുള്ള സ്നേഹ ബഹുമാനാദരുവുകളാൽ ഹൃദയം നിറച്ചും റബ്ബിനെ നേരിട്ട് കാണുകയും സംസാരിക്കുകയും ചെയ്യുന്നവനെപ്പോലെ നമസ്ക്കരിക്കുന്നവർ. മനസ്സിന്റെ ദുഷ് പ്രേരണകളും മറ്റു തോന്നലുകളും ചിന്തകളുമൊക്കെ അവരിൽനിന്ന് ഓടിയൊളിക്കും. അവർക്കും പടച്ച റബ്ബിനുമിടയിലുള്ള മറകളെല്ലാം നീങ്ങിപ്പോയതുപോലെയുണ്ടാകും. ഇവരും മറ്റുള്ളവരും തമ്മിൽ നമസ്കാരത്തിന്റെ കാര്യത്തിലുള്ള അന്തരം ആകാശഭൂമികളെക്കാൾ വലുതായിരിക്കും. ഇവർ തങ്ങളുടെ നമസ്കാരങ്ങളിൽ പടച്ചറബ്ബുമായി വ്യാപൃതരാവുകയും നമസ്കാരത്തിലൂടെ കൺകുളിർമ അനുഭവിക്കുകയും ചെയ്യുന്നവരാണ്.”

ഒന്നാമത്തെ വിഭാഗം ശിക്ഷാർഹരാണ്. രണ്ടാമത്തെ വിഭാഗം വിചാരണ ചെയ്യപ്പെടുന്നവരും മൂന്നാമത്തെ വിഭാഗം പൊറുക്കപ്പെടുന്നവരും നാലാമത്തെ വിഭാഗം പ്രതിഫലാർഹരുമാണ്. അഞ്ചാമത്തെ വിഭാഗമാകട്ടെ, അല്ലാഹുവിലേക്ക് ഏറെ സാമീപ്യം സിദ്ധിച്ചവരും. കാരണം അവർക്ക് നമസ്കാരത്തിൽ കൺകുളിർമയേകപ്പെട്ട നബിﷺയോട് സദൃശ്യമായ ഒരു വിഹിതമുണ്ട്. ദുൻയാവിൽവെച്ച് നമസ്കാരത്തിലൂടെ ആർക്കെങ്കിലും കൺകുളിർമ ലഭിക്കുന്നുവെങ്കിൽ പരലോകത്ത് അല്ലാഹുവിനോടുള്ള സാമീപ്യത്താൽ തീർച്ചയായും അവർക്കും കൺകുളിർമ ലഭിക്കുന്നതാണ്. പടച്ചവനെക്കൊണ്ടും അവരുടെ കണ്ണ് ദുനിയാവിൽ കുളിർക്കും. അല്ലാഹുവിനെക്കൊണ്ട് ആർക്കെങ്കിലും കൺകുളിർമ നേടാനായാൽ അയാളിലൂടെ എല്ലാ കണ്ണുകൾക്കും കുളിർമ ലഭിക്കും. എന്നാൽ അല്ലാഹുവിനെക്കൊണ്ട് കൺകുളിർമ നേടാൻ കഴിയാത്തവരാകട്ടെ, അവർക്ക് ദുൻയാവിനോടുള്ള ഖേദത്താൽ ശ്വാസം അവസാനിപ്പിക്കേണ്ടി വരും.

ഒരു അടിമ അല്ലാഹുവിന്റെ മുമ്പിൽ നമസ്കാരത്തിനായി നിന്നാൽ അല്ലാഹു ഇപ്രകാരം പറയുമെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്: ‘എന്റെയും എന്റെ അടിമയുടെയും ഇടയിലുള്ള എല്ലാ മറകളും നീക്കുക.’ എന്നാൽ അയാൾ അല്ലാഹുവിൽനിന്ന് തിരിഞ്ഞാൽ ആ മറകൾ താഴ്ത്തിയിടാൻ പറയുമത്രെ!

ഈ തിരിയൽകൊണ്ടുള്ള വിവക്ഷ അല്ലാഹുവിൽനിന്ന് മറ്റു വല്ലതിലേക്കും മനസ്സ് തിരിക്കലാണെന്നാണ് പണ്ഡിതാഭിപ്രായം. അങ്ങനെ മറ്റു വല്ലതിലേക്കും ശ്രദ്ധതിരിക്കുമ്പോൾ അല്ലാഹുവിന്റെയും അയാളുടെയും ഇടയിൽ മറയിടുകയും പിശാച് കടന്നുവരികയും ചെയ്യും. പിന്നെ ദുൻയാവിന്റെ പല കാര്യങ്ങളും അയാൾക്ക് മുമ്പിൽ കാണിച്ചുകൊടുക്കും; ഒരു കണ്ണാടിയിൽ കാണുന്നത് പോലെ അയാൾക്ക് മുമ്പിൽ കാണിക്കും. എന്നാൽ തന്റെ ഹൃദയംകൊണ്ട് അല്ലാഹുവിലേക്ക് മുന്നിടാൻ അയാൾക്ക് കഴിയുകയും മറ്റൊന്നിലേക്കും തിരിയാതിരിക്കുകയും ചെയ്താൽ പിശാചിന് അയാൾക്കും അല്ലാഹുവിനുമിടയിൽ നിലയുറപ്പിക്കാൻ സാധിക്കുകയില്ല. പിശാച് ഇടയിൽ കയറിക്കൂടുന്നത് പ്രസ്തുത മറയുണ്ടാവുമ്പോൾ മാത്രമാണ്. മറിച്ച് അല്ലാഹുവിലേക്ക് ഓടിച്ചെല്ലുകയും തന്റെ ഹൃദയത്തെ സമർപ്പിക്കുകയും ചെയ്താൽ പിശാച് ഓടിയകലും. എന്നിട്ട് അല്ലാഹുവിൽനിന്ന് മുഖം തിരിച്ചാൽ പിശാച് ഓടിയെത്തും. നമസ്കാരത്തിൽ പ്രവേശിച്ച ഏതൊരാളുടെ അവസ്ഥയും തന്റെ ശത്രുവായ പിശാചിന്റെ സ്ഥിതിയും ഇതാണ്!

ഒരാൾക്ക് തന്റെ ദേഹേച്ഛയെയും മറ്റു ആഗ്രഹങ്ങളെയും കീഴ്‌പ്പെടുത്താൻ സാധിക്കുമ്പോൾ മാത്രമാണ് നമസ്‌കാരത്തിൽ ശ്രദ്ധയൂന്നുവാനും റബ്ബുമായി കൂടുതൽ അടുത്തുകൊണ്ട് അതിൽ മുഴുകുവാനും സാധിക്കുക. അല്ലാതെ ആഗ്രഹങ്ങൾ കീഴ്‌പ്പെടുത്തുകയും ദേഹേച്ഛ ബന്ധനസ്ഥനാക്കുകയും ചെയ്ത ഹൃദയമാണെങ്കിൽ പിശാച് തനിക്ക് സൗകര്യപ്രദമായ ഒരു ഇടം അവിടെ കണ്ടെത്തി അടയിരിക്കും. പിന്നെ എങ്ങനെയാണ് 'വസ്‌വാസു'കളിൽനിന്നും മറ്റു ചിന്തകളിൽനിന്നും രക്ഷപ്പെടാനാവുക?

ഹൃദയങ്ങൾ അഥവാ മനസ്സുകൾ മൂന്നുവിധമാണ്:

1. ഈമാനിൽനിന്നും സർവ നന്മകളിൽനിന്നും മുക്തമായ ഹൃദയം. അത് ഇരുൾമുറ്റിയ ഹൃദയമാണ്. അതിലേക്ക് 'വസ്‌വാസുകൾ' ഇട്ടുതരാൻ പിശാചിന് എളുപ്പമാണ്. കാരണം അത്തരം മനസ്സുകളെ പിശാച് തന്റെ താവളവും സ്വദേശവുമാക്കി താനുദ്ദേശിക്കുന്നത് നടപ്പിലാക്കും. പിശാചിന് പൂർണമായും സൗകര്യപ്പെട്ട രൂപത്തിലായിരിക്കും അത്.

2. ഈമാനിന്റെ പ്രകാശംകൊണ്ട് പ്രശോഭിതമാവുകയും അതിന്റെ വിളക്കുകൾ കത്തിച്ചുവെക്കുകയും ചെയ്ത ഹൃദയമാണ് രണ്ടാമത്തേത്. അതിന്മേൽ ദേഹച്ഛകളുടെ കൊടുങ്കാറ്റുകളും ആഗ്രഹങ്ങളുടെ ഇരുട്ടും അടിക്കുന്നുണ്ട്. പിശാച് അവിടെ വരികയും പോവുകയും ചെയ്യുന്നു. പലതരം വ്യാമോഹങ്ങളുമായി അവിടെയവിടെയെല്ലാം ചുറ്റിക്കറങ്ങുന്നുമുണ്ട്. പിശാചുമായുള്ള പോരാട്ടങ്ങളിൽ ചിലപ്പോൾ വിജയവും മറ്റു ചിലപ്പോൾ പരാജയവുമായി അവസ്ഥകൾ മാറിമറിയുന്നു. ചിലരുടെതിൽ ശത്രുവിന്റെ വിജയങ്ങളാണ് കൂടുതലെങ്കിൽ വേറെ ചിലരുടെതിൽ ശത്രുവിന്റെ വിജയത്തിനു എണ്ണക്കുറവായിരിക്കും. മറ്റു ചിലരുടെതിൽ സമാസമമായിരിക്കും.

3. ഈമാൻകൊണ്ട് നിറഞ്ഞതാണ് മൂന്നാമത്തെ ഹൃദയം. ഈമാനിന്റെ പ്രകാശംകൊണ്ട് പ്രഭപരത്തിയ ഹൃദയത്തിൽനിന്ന് ദേഹേച്ഛകളുടെയും ആഗ്രഹങ്ങളുടെയും കരിമ്പടങ്ങൾ നീങ്ങിപ്പോയിട്ടുണ്ട്. കൂരിരുട്ടുകളെയെല്ലാം അതിൽനിന്നും നീക്കി ആ പ്രകാശം ഗരിമയോടെ തെളിഞ്ഞ് ജ്വലിച്ചു നിൽക്കുന്നു! വസ്‌വാസുകൾ അതിന്റെ അടുത്തേക്ക് ചെന്നാൽ കത്തിക്കരിഞ്ഞുപോകും. നക്ഷത്രങ്ങളാൽ സുരക്ഷാവലയം സൃഷ്ടിക്കപ്പെട്ട ആകാശത്തെ പോലെയാണത്. അവിടേക്ക് കട്ടുകേൾക്കാനായി പിശാച് ചെന്നാൽ തീജ്വാലകൾകൊണ്ട് എറിഞ്ഞാട്ടുന്നത് പോലെ.

സത്യവിശ്വാസിയെക്കാൾ പവിത്രത കൂടുതലുള്ളതൊന്നുമല്ല ആകാശം. അതിനാൽ ആകാശത്തിന് ഏർപ്പെടുത്തിയതിനെക്കാൾ ശക്തവും സമ്പൂർണവുമായ അല്ലാഹുവിന്റെ സുരക്ഷ സത്യവിശ്വസിക്കുണ്ടാകും. വാനലോകം മലക്കുകളുടെ ആരാധനാസ്ഥലവും ദിവ്യസന്ദേശത്തിന്റെ കേന്ദ്രവുമാണ്. അവിടെ അനുസരണങ്ങളുടെ നിരവധി പ്രകാശങ്ങളുണ്ട്. സത്യവിശ്വാസിയുടെ ഹൃദയമാകട്ടെ തൗഹീദിന്റെ(ഏകദൈവ വിശ്വാസത്തിന്റെ)യും സ്‌നേഹത്തിന്റെയും അറിവിന്റെയും വിശ്വാസത്തിന്റെയും കേന്ദ്രമാണ്. അതിൽ അവയുടെയെല്ലാം അനേകം പ്രകാശങ്ങളുണ്ട്. അതിനാൽ ശത്രുവിന്റെ കെണികളിൽനിന്നും കുതന്ത്രങ്ങളിൽനിന്നും സംരക്ഷിക്കപ്പെടാൻ അത് ഏറ്റവും അർഹമാണ്. അവിടെനിന്ന് വല്ലതും തട്ടിയെടുക്കാൻ ശത്രുവിന് പെട്ടെന്ന് നിഷ്പ്രയാസം സാധിക്കുകയില്ല.

അതിനു നല്ലൊരു ഉപമ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അതായത് മൂന്നു വീടുകൾ; ഒരു വീട് രാജാവിന്റെതാണ്. അതിൽ രാജാവിന്റെ നിധികളും സൂക്ഷിപ്പു സ്വത്തുക്കളും വിലപിടിച്ച രത്നങ്ങളുമുണ്ട്. മറ്റൊരു വീട് ഒരു ഭൃത്യന്റെതാണ്. അതിൽ അയാളുടെ നിധികളും സൂക്ഷിപ്പുസ്വത്തുക്കളും വിലപിടിച്ച രത്നങ്ങളുമുണ്ട്. രാജാവിന്റ രത്നങ്ങളോ സൂക്ഷിപ്പുസ്വത്തുക്കളോ പോലെയുള്ളതൊന്നും അവിടെയില്ല. മൂന്നാമത്തെ വീട് ഒന്നുമില്ലാത്ത, ശൂന്യമായ ഒന്നാണ്. അങ്ങനെ ഈ മൂന്നുവീടുകളിൽ ഏതെങ്കിലും ഒന്നിൽ കയറി മോഷ്ടിക്കാനായി ഒരു കള്ളൻ വന്നു. എങ്കിൽ ഏത് വീട്ടിൽനിന്നായിരിക്കും അയാൾ മോഷ്ടിക്കുക?

മൂന്നാമത്തെ ഒന്നുമില്ലാത്ത വീട്ടിൽനിന്ന് എന്നാണ് നീ പറയുന്നതെങ്കിൽ അതൊരിക്കലും ശരിയല്ല. കാരണം ഒന്നുമില്ലാത്ത, ശൂന്യമായ വീട്ടിൽനിന്ന് എന്താണ് മോഷ്ടിക്കാൻ പറ്റുക? ഇബ്നു അബ്ബാസ്ﷺവിനോട് ഇപ്രകാരം പറയപ്പെട്ടു: 'ജൂതൻമാർ പറയുന്നു; അവരുടെ പ്രാർഥനകളിൽ പിശാച് വസ്‌വാസുണ്ടാക്കാറില്ലെന്ന്.' അപ്പോൾ അദ്ദേഹം പറഞ്ഞുവത്രെ: 'പൊളിഞ്ഞു ഫലശൂന്യമായി കിടക്കുന്ന ഹൃദയത്തിൽ പിശാച് എന്ത് ചെയ്യാനാണ്?' (അഹ്മദ് 'സുഹ്ദി'ലും അബൂനുഐം 'ഹിൽയ'യിലും അലാ ഉബ്നു സിയാദിൽനിന്നും ഇതിനോട് സമാനമായ ഒന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ

ഇബ്നു അബ്ബാസിൽ നിന്നുള്ള റിപ്പോർട്ട് കാണാൻ കഴിഞ്ഞിട്ടില്ല- കുറിപ്പുകാരൻ).

രാജാവിന്റെ വീട്ടിൽനിന്നുമായിരിക്കും അവൻ മോഷ്ടിക്കുക എന്നാണ് നീ പറയുന്നതെങ്കിൽ അതും ആസംഭവ്യമാണ്, നടക്കാൻ പോകുന്നതല്ല. കാരണം കള്ളന്മാർക്ക് അടുക്കാൻ പോലും പറ്റാത്ത വിധത്തിൽ അവിടെ സുരക്ഷാ ക്രമീകരണങ്ങളും പട്ടാളക്കാരും കാവൽക്കാരും ഒക്കെ ഉണ്ടാവും. രാജാവ് തന്നെയാണ് അതിന്റെ കാവൽക്കാരനെങ്കിലോ എങ്ങനെയായിരിക്കും അതിന്റെ അവസ്ഥ? രാജാവിനു ചുറ്റും കാവൽക്കാരും പട്ടാളവും ഒക്കെ ഉണ്ടാവുമ്പോൾ എങ്ങനെയാണ് കള്ളന് അവിടേക്ക് അടുക്കാൻ പറ്റുക?

അപ്പോൾ പിന്നെ കള്ളന് കയറാൻ, ശേഷിക്കുന്ന മൂന്നാമത്തെ വീടല്ലാതെ വേറെ ഒരിടവുമില്ല. അങ്ങനെ കള്ളൻ അതിനെതിരിലായിരിക്കും തന്റെ ആക്രമണങ്ങൾ അഴിച്ചുവിടുക. ബുദ്ധിയുള്ളവർ ഈ ഉദാഹരണം ശരിയാംവണ്ണം ചിന്തിച്ചു ഗ്രഹിക്കട്ടെ! എന്നിട്ട് അതിനെ ഹൃദയങ്ങളുമായി താരതമ്യം ചെയ്തുനോക്കട്ടെ! തീർച്ചയായും ഹൃദയങ്ങൾ ഇതുപോലെതന്നെയാണെന്ന് അപ്പോൾ ബോധ്യപ്പെടും.

സർവ നന്മകളിൽനിന്നും ഒഴിവായ ഹൃദയമെന്നത് സത്യനിഷേധിയുടെയും കപടവിശ്വാസിയുടെയും ഹൃദയമാണ്. അതത്രെ പിശാചിന്റെ ഭവനം! അതിനെ പിശാച് സ്വന്തമാക്കുകയും ആധിപത്യം സ്ഥാപിക്കുകയും ചെയ്തിരിക്കുകയാണ്. അതിനെ തന്റെ ആസ്ഥാനവും താമസസ്ഥലവുമാക്കിയ പിശാചിന് അതിൽനിന്ന് എന്ത് മോഷ്ടിക്കാനാണ്? അതിലാണ് അവന്റെ ഖജനാവും സൂക്ഷിപ്പു സ്വത്തുക്കളും അവന്റെ ആശയക്കുഴപ്പങ്ങളും ഭാവനകളും ദുഷ്പ്രേരണകളുമെല്ലാം!

എന്നാൽ പടച്ചറബ്ബിനോടുള്ള ആദരവും ബഹുമാനവും സ്നേഹവുംകൊണ്ടും അവന്റെ നിരീക്ഷണത്തെ കുറിച്ചുള്ള ബോധത്താലും അവനോടുള്ള ലജ്ജ കാരണത്താലും ഹൃദയം നിറഞ്ഞ വ്യക്തിയുടെ കാര്യം; ഏത് പിശാചാണ് ആ ഹൃദയത്തിനുനേരെ കയ്യേറ്റത്തിനു ധൈര്യപ്പെടുക? അവിടെ നിന്ന് വല്ലതും മോഷ്ടിച്ചെടുക്കാൻ അവനുദ്ദേശിച്ചാൽ തന്നെ അവനെന്താണ് മോഷ്ടിക്കുക? പിന്നെ പരമാവധി അവനു ചെയ്യാനാവുക, ആ വ്യക്തിയുടെ ക്ഷീണത്തിന്റെയും അശ്രദ്ധയുടെയുമൊക്കെ ചില നേരങ്ങൾ മുതലാക്കുക എന്നത് മാത്രമാണ്. മനുഷ്യനെന്നുള്ള നിലയിൽ അത്തരം സംഗതികൾ അനിവാര്യമാണല്ലോ. അതിനാൽ മാനുഷികമായ മറവി, അശ്രദ്ധ, പ്രകൃതി സംബന്ധമായ കാര്യങ്ങൾ പോലുള്ളവ അദ്ദേഹത്തിന്റെ കാര്യത്തിലും ഉണ്ടാവുന്നതാണ്.

'സത്യവിശ്വാസിയായ എന്റെ അടിമയുടെ ഹൃദയത്തിനല്ലാതെ എന്നെ ഉൾക്കൊള്ളാൻ മാത്രം

“ പടച്ചറബ്ബിനോടുള്ള ആദരവും ബഹുമാനവും സ്നേഹവുംകൊണ്ടും അവന്റെ നിരീക്ഷണത്തെ കുറിച്ചുള്ള ബോധത്താലും അവനോടുള്ള ലജ്ജ കാരണത്താലും ഹൃദയം നിറഞ്ഞ വ്യക്തിയുടെ കാര്യം; ഏത് പിശാചാണ് ആ ഹൃദയത്തിനുനേരെ കയ്യേറ്റത്തിനു ധൈര്യപ്പെടുക? അവിടെ നിന്ന് വല്ലതും മോഷ്ടിച്ചെടുക്കാൻ അവനുദ്ദേശിച്ചാൽ തന്നെ അവനെന്താണ് മോഷ്ടിക്കുക? പിന്നെ പരമാവധി അവനു ചെയ്യാനാവുക, ആ വ്യക്തിയുടെ ക്ഷീണത്തിന്റെയും അശ്രദ്ധയുടെയുമൊക്കെ ചില നേരങ്ങൾ മുതലാക്കുക എന്നത് മാത്രമാണ്. അതിനാൽ മാനുഷികമായ മറവി, അശ്രദ്ധ, പ്രകൃതി സംബന്ധമായ കാര്യങ്ങൾ പോലുള്ളവ അദ്ദേഹത്തിന്റെ കാര്യത്തിലും ഉണ്ടാവുന്നതാണ്. ”

വിശാലത ആകാശത്തിനോ ഭൂമിക്കോ ഇല്ല' എന്ന ചില റിപ്പോർട്ടുകൾ മുൻ വേദങ്ങളിലുള്ളതായി വഹബ് ബ്നുൽ മുനബ്ബിഹ്ﷺ പറഞ്ഞുവെന്നു പറയപ്പെടുന്നു' (ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ, മജ്മൂഉ ഫതാവ 18/122,376, പേജുകൾ).

ഇത് ഇസ്റാഈലിയാത്തുകളിൽ പെട്ടതാണ്. നബിﷺയിൽനിന്നും സ്വീകാര്യയോഗ്യമായ ഒരു പരമ്പരപോലും അതിനില്ല. ഹാഫിദുൽ ഇറാഖിയും അതിനു യാതൊരു അടിസ്ഥാനവുമുള്ളതായി അറിയില്ലെന്ന് പ്രസ്താവിക്കുന്നു (അൽമുഗ്നി അൻ ഹംലിൽ അസ്ഫാർ 2/713).

മറ്റൊരു ഹൃദയത്തിലാകട്ടെ അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനവും അവനോടുള്ള സ്നേഹവും തൗഹീദും ഈമാനും അവന്റെ വാഗ്ദാനങ്ങളിലും താക്കീതുകളിലും ഒക്കെയുള്ള വിശ്വാസവും അവയെല്ലാം സത്യമാണെന്ന ബോധവുമാണ്. അതോടൊപ്പം ദേഹേച്ഛകളും അതിന്റേതായ സ്വഭാവങ്ങളും പ്രകൃതങ്ങളും അതിലുണ്ട്. (തുടരും)

സാദിഖ് ഇബ്നു സലീം, എടത്തനാട്ടുകര
mail@nerpatham.com

കവിത



# ആ പുലരിയെത്തിടും

ഫോർക്ക് ചൂണ്ടി,
തോക്കിനെ വെല്ലുന്ന
നോക്കുമായ് നിൽക്കുന്നു
പിഞ്ചുബാല്യം!
അകലെ ഫലസ്തീനിൽ
അതിജീവനത്തിനായ്
അടരാടും ജനതയുടെ
നേർചിത്രമൊന്നിതാ...
മാതാവിൻ നെഞ്ചു
പിളർക്കുവാൻ
കാഞ്ചിയിൽ കൈ
ചേർത്തുവെച്ചൊരാ
ദുഷ്ടന്റെ ദൃഷ്ടിയിൽ
ഭീതിതീർക്കുന്നിതാ
പിഞ്ചുബാല്യം!
ചൂണ്ടിയത് ഫോർക്കല്ല,
തോക്കുകൾ തോൽക്കുന്ന
കാരിരുമ്പിൻ കരു-
ത്തുള്ള ബാല്യം.
ആത്മ ധൈര്യത്തിന്റെ
അസ്തിവാരത്തിൽ,
അസ്വസ്ഥമാവാത്ത
വിസ്മയബാല്യം!
ആകാശ മേലാപ്പിൻ
താഴെ നിരാലംബർ,
ആത്മധൈര്യം മാത്രം
ആയുധമാക്കുവോർ!
ദൃഢതയിൽ ചാലിച്ച
ചിത്തവും ദുഷ്ടത-
ക്കറുതി തേടുന്നൊരു
ഹൃത്തടം മാത്രവും.
അടരാടുകയാണ്
പരിമിതിക്കിടയിലും
അകലത്തിലല്ല
പ്രതീക്ഷതൻ പുലരികൾ.
ലോകം മുഴുക്കെയും
കൂടെയുണ്ട്; നിങ്ങൾ,
തളരാതെ, തകരാതെ
അടരാടുക.
ഈ രാത്രി പോയിടും
പുതു പുലരിയെത്തിടും
മർദിതരുടെ പ്രാർഥനയിൽ
മർദകർ മാഞ്ഞിടും.

WISDOM
alive
COUNSELLING DESK



## ക്വാറന്റൈനിലാണൊ?

## രോഗ ഭീതി മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടൊ?

# പരിഹാരമുണ്ട്

## Wisdom Alive ലേക്ക് വിളിക്കാം

## വിവിധ ജില്ലകളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

| | | |
|---|---|---|
| **കാസറഗോഡ്**<br>+919526749667<br>+918075011566 | **കണ്ണൂർ**<br>+919645099797<br>+9194474 11307 | **വയനാട്**<br>+919446990991<br>+919961215816 |
| **കോഴിക്കോട് നോർത്ത്**<br>+919895626691<br>+919567858078 | **കോഴിക്കോട് സൗത്ത്**<br>+918547853036<br>+919895356111 | **പാലക്കാട്**<br>+919656118833<br>+919847939173 |
| **മലപ്പുറം ഈസ്റ്റ്**<br>(നിലമ്പൂർ റീജ്യൺ)<br>+919447749005<br>+919995662305 | **മലപ്പുറം വെസ്റ്റ്**<br>(തിരൂർ റീജ്യൺ)<br>+919037159419<br>+917012095123 | **മലപ്പുറം നോർത്ത്**<br>(മലപ്പുറം റീജ്യൺ)<br>+919495889689<br>+919946199288 |
| **തൃശൂർ**<br>+919446222282<br>+917510580834 | **എറണാകുളം**<br>+918921655063<br>+918289880889 | **ഇടുക്കി**<br>+919946545193<br>+919037640858 |
| **ആലപ്പുഴ**<br>+919995310518<br>+918943464478 | **കൊല്ലം**<br>+919895786601<br>+919947802460 | **തിരുവനന്തപുരം**<br>+919526524467 |

WISDOM ALIVE COUNCELLING DESK

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 MAY 29

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm